# സ്നേഹമാണ് സന്ദേശം


പ്രഭാഷണങ്ങൾ:
മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി
മൗലാനാ സയ്യിദ് അബ്ദുല്ലാഹിൽ ഹസനി
വിവർത്തനം:
**ഹാഫിസ് അബ്ദുശ്ശക്കൂർ ഖാസിമി**
**ഡോക്ടർ ഇസ്സുദ്ദീൻ നദ്‌വി**



പ്രസാധകർ
**സയ്യിദ് ഹസനി അക്കാദമി**
**ദാറുൽ ഉലൂം ഇസ്‌ലാമിയ്യ**
**തെക്കനാൽ പി.ഒ., ഓച്ചിറ, കൊല്ലം**

**SNEHAMANE SANDESHAM**


| | | |
|---|---|---|
| Author | : | Moulana Sayyid Abul Hasan Ali Nadvi<br>Moulana Sayyid Abdullahil Hasani |
| Transaler | : | Abdul Shakkoor Qasimi |
| | : | Dr. Izzudeen Nadvi |
| Publisher | : | Sayyid Hasani Academy<br>Darul Uloom Islamiyya<br>Oachira, Kollam, Kerala.<br>Ph: +91 9061 565 999 |
| Book No. | : | 34 |
| Copies | : | 3000 |
| Layout | : | Sayyid Hasani Academy |
| Price | : | Rs. |

# ബിസ്മില്ലാഹ്.....

ഈ ലോകത്തുള്ള മത ദർശനങ്ങളും പ്രത്യയ ശാസ്ത്രങ്ങളും പല വിശയങ്ങളിലും വ്യത്യസ്ഥമായ വീക്ഷണങ്ങളും അഭിപ്രായങ്ങളും പുലർത്തുന്നുണ്ട്. ചിലർ നിർബന്ധമായി കാണുന്നത് മറ്റുള്ളവർക്ക് നിഷിദ്ധവും ചിലർ നിഷിദ്ധമാക്കുന്നത് മറ്റുള്ളവർക്ക് നിർബന്ധവുമാണ്. എന്നാൽ, എല്ലാമതങ്ങളും പ്രസ്ഥാനങ്ങളും ഏകോപിച്ച് പ്രേരിപ്പിച്ചിരുന്ന ഒരു യാഥാർത്ഥ്യമാണ് പരസ്പര സ്നേഹം. എല്ലാവരും ഒരുമിച്ച് എതിർക്കുകയും നിഷിദ്ധമായി പ്രഖ്യാപിക്കുകയും ചെയ്ത ഒരു മഹാ പാപമാണ് പരസ്പരമുള്ള അക്രമം.

നിരപരാധിയായ മാതാപിതാക്കളുടെ കണ്ണുനീർ, സാധുക്കളായ മക്കളുടെ അലമുറകൾ. മർദ്ദിതയായ സ്ത്രീയുടെ ഗദ്ഗദം നിസ്സഹായരായ പുരുഷന്മാരുടെ ചുട് നിശ്വാസങ്ങൾ, കുടുംബ – സമുദായ – മാനവ – സഹോദരങ്ങളുടെ രക്തകണങ്ങൾ ഇവകളെല്ലാം വളരെ ശക്തിയുള്ളതും കടുത്ത നാശത്തിന് നിമിത്തവുമാണെന്ന് എല്ലാ മഹാത്മാക്കളും ഏകോപിച്ച് ഉദ്ഘോഷിക്കുന്നു. പക്ഷേ സ്വാർത്ഥതകളുടെയും പക്ഷപാതങ്ങളുടെയും പ്രചണ്ഠ പ്രചാരണങ്ങളുടെയും കാരണത്താൽ പലപ്പോഴും മനുഷ്യർ ഇത് വിസ്മരിക്കുകയും ഈ മഹാപാപം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വാർത്താമാധ്യമങ്ങളും പ്രസംഗ രചനകളും രാഷ്ട്രീയ മത സംഘടനകളും അക്രമത്തിന്റെ തീ അണയ്ക്കുന്നതിനു പകരം എരിയുന്ന തീയിൽ എണ്ണ ഒഴിച്ച് ആളിക്കത്തിക്കാറുണ്ട്.

അതെ, അക്രമം മഹാ പാപമാണ്. എന്നാൽ അതിനെക്കാൾ കഠിനമായ പാപം, അക്രമത്തെ അനുകൂലിക്കുകയും ന്യായീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ്. ഇക്കാര്യത്തെ ഉണർത്താനുള്ള സ്നേഹ നിർഭരമായ ഒരു പരിശ്രമമാണ് **പയാമെ ഇൻസാനിയത്ത്** ( മാനവികതയുടെ സന്ദേശം) സ്വതന്ത്ര ഇന്ത്യയിൽ പലപ്പോഴും അനുഭവപ്പെട്ട ഉപരിസൂചിത അവസ്ഥയിൽ മനംനൊന്ത വിശ്വ പണ്ഠിതൻ മൗലാനാ സയ്യിദ് അബുൽ ഹസൻ

അലി നദ്‌വിയാണ് ഇതിന്റെ സ്ഥാപകൻ. മൗലാനായുടെ സൗഭാഗ്യവാനായ പിൻഗാമി മൗലാനാ സയ്യിദ് അബ്ദുല്ലാഹ് മുഹമ്മദുൽ ഹസനി ഇപ്പോൾ ഇതിന്റെ സാരഥ്യം വഹിക്കുന്നു. ഇരുവരുടെയും പ്രൗഢമായ നാല് പ്രഭാഷണങ്ങളാണ് ഈ രചനയുടെ ഉള്ളടക്കം. പയാമേ ഇൻസാനിയത്തിന്റെ വേറെയും ചില രചനകൾ അക്കാഡമി ഇറക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എല്ലാവരെയും ക്ഷണിച്ചുകൊണ്ടും സന്നദ്ധരായ സഹോദരങ്ങൾ ബന്ധപ്പെടാൻ താൽപര്യപ്പെട്ടുകൊണ്ടും മഹത്തായ ഈ രചന സമർപ്പിക്കുന്നു.

**EP. അബൂബക്കർ ഖാസിമി**
സയ്യിദ് ഹസനി അക്കാഡമി
ദാറുൽ ഉലൂം ഇസ്‌ലാമിയ്യ
ഓച്ചിറ കൊല്ലം

# അവതാരിക

**മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി**

(ചെയർമാൻ, ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലാ ബോർഡ് & അഖിലേന്ത്യാ പയാമെ ഇൻസാനിയത്ത്)

പടച്ചതമ്പുരാൻ, മനുഷ്യരുടെ ഇഹപരവിജയ സമാധാനങ്ങൾക്ക് കനിഞ്ഞരുളിയ ദർശനമാണ് ഇസ്‌ലാം. ഇസ്‌ലാം എന്നതിന്റെ അർത്ഥം തന്നെ സമാധാനം എന്നാണ്. ശാന്തിയ്ക്കും സമാധാനത്തിനും വലിയ സ്ഥാനം ഇസ്‌ലാം കല്പിക്കുന്നു. എന്നാൽ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കാത്തതിനാൽ മതത്തെ പലരും തെറ്റിദ്ധരിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

യഥാർത്ഥ ധർമ്മങ്ങളൊന്നും തിന്മ പഠിപ്പിക്കുന്നില്ല. നന്മ മാത്രമേ പഠിപ്പിക്കുന്നുള്ളൂ. മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നത് പ്രധാന നന്മയും, ഉപദ്രവിക്കുന്നത് വലിയ തിന്മയുമാണ്. പക്ഷേ ഇതിനെ പലരും ഗൗനിക്കുന്നില്ല. സ്വന്തം കാര്യം മാത്രം എന്ന ചിന്തയും ധൃതിയിൽ എല്ലാം വാരിക്കൂട്ടണം എന്ന ആർത്തിയും ലോകം മുഴുവൻ കത്തിക്കയറിക്കൊണ്ടിരിക്കുകയാണ്. പൊതുപൈപ്പ് തുറന്നുകിടക്കുന്നു, ധാരാളം ശുദ്ധജലം പാഴാകുന്നു, അരികിൽകൂടി ആയിരങ്ങൾ കടന്നുപോകുന്നുണ്ടെങ്കിലും അത് നേരെയാക്കണമെന്ന് ആരും ചിന്തിക്കുന്നില്ല. പഴം കഴിച്ച് തൊലി അവിടെയും ഇവിടെയും വലിച്ചെറിയുന്നു. ആരെങ്കിലും തെന്നിത്തെറിച്ചുവീണാൽ നമുക്കെന്ത് കുഴപ്പം എന്ന വിചാരമാണ് എല്ലാവർക്കും. രോഗികൾ കിടന്നുപിടയ്ക്കുകയും നിലവിളിക്കുകയും ചെയ്യുന്നു. അവരെ ആശ്വസിപ്പിക്കുവാൻപോലും ആർക്കും സമയമില്ല. മരണത്തോട് മല്ലടിക്കുന്ന രോഗിയെപ്പോലും കച്ചവടക്കണ്ണോടെ നോക്കുന്നു. ജീവനുവേണ്ടി പിടയ്ക്കുന്നവനെപ്പോലും ലാഭക്കൊതിയോടെ വീക്ഷിക്കുന്നു. അതെ! പ്രതിദിനം സാമൂഹ്യമേഖല തകർന്നുകൊണ്ടിരിക്കുകയാണ്. മതം, ജാതി, കക്ഷി, ദേശം, ഭാഷ മുതലായവയുടെ പേരിൽ ജനങ്ങളെ പരസ്പരം വെറുപ്പിക്കാനും തല്ലാനും കൊല്ലാനും ഒരുകൂട്ടർ പ്രേരിപ്പിക്കുമ്പോൾ മറ്റൊരുകൂട്ടർ ഈ പ്രേരണകൾക്ക് വശംവദരായി അരുതാത്ത പലതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ തന്നെ മനുഷ്യന്റെ ശത്രുവായിമാറി. സമാധാനാന്തരീക്ഷം തകർക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ

അവസ്ഥ കണ്ടുകൊണ്ടിരിക്കാൻ പടച്ചവനേയും പടപ്പുകളേയും സ്നേഹിക്കുന്നവർക്ക് സാധ്യമല്ല. ഈ വിഷയത്തെ ഉണരാനും ഉണർത്താനുമുള്ള സ്നേഹനിർഭരമായ ഒരു പ്രവർത്തനമാണ് പയാമെ ഇൻസാനിയത്ത്. (മാനവികതയുടെ സന്ദേശം). വിശ്വപണ്ഡിതനും ചിന്തകനുമായ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി ഈ പ്രവർത്തനത്തിന് തുടക്കും കുറിച്ചു. ധാരാളം  തിരക്കുകൾ ഉണ്ടായിട്ടും ഇതിനെ ഒരു പ്രധാന പ്രവർത്തനമായി കണ്ട് അദ്ദേഹം അവസാനം വരെ പ്രവർത്തിച്ചു. കാരണം അവസ്ഥാന്തരീക്ഷം ശാന്തമായിരുന്നാൽ മാത്രമേ രചന – പ്രബോധന–അദ്ധ്യാപന നടത്താൻ സാധിക്കുകയുള്ളൂ. പയാമെ ഇൻസാനിയത്തിന്റെ പ്രധാന ലക്ഷ്യം ഇതാണ്. മൗലാനയുടെ ഉത്തമപിൻഗാമി മൗലാനാ സയ്യിദ് അബ്ദുല്ലാഹിൽ ഹസനി ഇപ്പോൾ ഈ പ്രവർത്തനവുമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവർ ഇരുവരുടേയും ഏതാനും പ്രഭാഷണങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുന്നതായി അറിഞ്ഞു. അല്ലാഹു ഇതിനെ സ്വീകരിക്കുകയും ഫലവത്താക്കുകയും ചെയ്യട്ടെ! ഈ പ്രവർത്തനത്തെ സംരക്ഷിക്കുകയും വളർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യട്ടെ!

# പടച്ചവൻ മനുഷ്യരിൽ നിന്നും നിരാശപ്പെട്ടിട്ടില്ല!

1977 ഡിസംബർ മുന്നിന് ഭോപ്പാലിൽ നടന്ന പയാമെ–ഇൻസാനിയത്ത് സമ്മേളനത്തിൽ നടത്തപ്പെട്ട പ്രൗഢമായ പ്രഭാഷണം

സഹോദരങ്ങളെ,

മാനവികതയുടെ പേരിൽ ഒത്തുകൂടിയ ഒരു ഇടമാണിത്. ഈ സമ്മേളനത്തിന് രാഷ്ട്രീയ – കുടുംബ താല്പര്യങ്ങളൊന്നുമില്ല. നിങ്ങളെ കണ്ട് എനിക്ക് പ്രതീക്ഷയും പ്രത്യാശയും ഉണ്ടായിരിക്കുന്നു.

പടച്ചവൻ മനുഷ്യനോടും മനുഷ്യൻ മനുഷ്യനോടുമുള്ള ഇന്നത്തെ നിലപാട് തീർത്തും വിഭിന്നമാണ്. പടച്ചവൻ മനുഷ്യരിൽ നിന്നും നിരാശപ്പെട്ടിട്ടില്ല. അവന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും പ്രപഞ്ചത്തിലാകെ പെയ്തിറങ്ങിക്കൊണ്ടിരിക്കുന്നു. ഒരു ചിന്തകൻ പറയുന്നു. പടച്ചവൻ മനുഷ്യരിൽ നിന്നും നിരാശപ്പെട്ടിട്ടില്ല എന്ന പ്രഖ്യാപനവുമായിട്ടാണ് ഈ ലോകത്ത് പിറന്നുവീഴുന്ന ഓരോ കുഞ്ഞും ജനിക്കുന്നത്. പടച്ചവൻ നിരാശപ്പെട്ടിരുന്നെങ്കിൽ വീണ്ടും കുഞ്ഞുങ്ങളെ ഈ ലോകത്തേക്ക് അയയ്ക്കുകയില്ലായിരുന്നു. പക്ഷെ നാം മനുഷ്യർ, പരസ്പരം മടുത്ത് നിരാശപ്പെട്ട് കഴിയുന്നു. അതെ! എന്തെല്ലാമാണ് മനുഷ്യർ ഇന്ന് പരസ്പരം കാട്ടുന്നത്. പരസ്പരം കഴുത്തറുക്കുന്നു. വെറുക്കുന്നു. ഉന്മൂലനാശം വരുത്തുന്നു. രക്തം ഊറ്റിക്കുടിക്കുന്നു. ചരക്ക് പോലെ വിൽക്കുന്നു.

ഒരുഭാഗത്ത് പടച്ചവന്റെ അനുഗ്രഹമാരി നിലയ്ക്കാത്ത വർഷിക്കുന്നു. മഴത്തുള്ളികൾ, പ്രകാശിക്കുന്ന സൂര്യൻ, പ്രഭചൊരിയുന്ന ചന്ദ്രൻ ഇതെല്ലാം അക്രമിയായ മനുഷ്യരിൽ നിന്നും പടച്ചവൻ നിരാശപ്പെട്ടിട്ടില്ല എന്നറിയിക്കുന്നു. പുഷ്പം, ഇല, പുല്ല്, മൺതരി ഇതെല്ലാം പടച്ചവന്റെ സുന്ദര സൃഷ്ടികളാണ്. ഇതിലേ

റ്റവും മഹത്തരം മാനമാണ? മുഴുവൻ സൃഷ്ടികളേയും ഈ ഒരു മനുഷ്യനുവേണ്ടിയാണ് പടച്ചിരിക്കുന്നത്. മനുഷ്യൻ, പടച്ച വന്റെ പ്രിയങ്കരനും ഉത്തമ സൃഷ്ടിയും പ്രപഞ്ചത്തിലെ മണവാള നുമാണെന്ന് സർവ്വ സൃഷ്ടികളും സാക്ഷ്യം വഹിക്കുന്നു. മറുഭാ ഗത്ത് നാം നമുക്ക് എതിരിൽ പടച്ചവന്റെ കോടതിയിൽ വാദം നട ത്തുകയാണ്. നമ്മിൽ ഒരു ഗുണവുമില്ലെന്നും നമ്മുടെ സൃഷ്ടി പ്പിന്റെ തുടക്കത്തിൽ മലക്കുകൾ നമ്മളെക്കുറിച്ച് പറഞ്ഞ വാദങ്ങൾ ശരിയാണെന്നും നാം വാദിക്കുകയാണ്. അതെ, ഞാൻ ഭൂമിലോ കത്തേക്ക് ഒരു പ്രതിനിധിയെ അയക്കുകയാണെന്ന് പറഞ്ഞപ്പോൾ ഭൂമിയിൽ കുഴപ്പങ്ങൾ ഉണ്ടാക്കുകയും രക്തം ഒഴുക്കുകയും ചെയ്യുന്നവരെ അയക്കുകയാണോ എന്ന് മലക്കുകൾ ചോദിച്ചു. ഉടനെ അല്ലാഹു പറഞ്ഞു. മനുഷ്യനിൽ എന്തെല്ലാം ഗുണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് നിങ്ങൾക്കറിയില്ല. മനുഷ്യ വിജ്ഞാനത്തിന് സമുദ്രങ്ങളെക്കാൾ ആഴവും പരപ്പുമുണ്ട്. അവന്റെ നയനങ്ങളിലെ സ്നേഹത്തിളക്കം, മനസ്സിന്റെ മാർദ്ദവം, മുറിവിന്റെ വേദന ഇതൊന്നും നിങ്ങൾക്കറിയില്ല. അല്ലാമാ ഇഖ്ബാൽ പാടി.

"ജിബ്‌രീലേ, എന്റെ വികാരാവേശങ്ങളെ അനുകരിക്കേണ്ട തില്ല. അർശുമായി ബന്ധപ്പെട്ട മലക്കുകൾ ദിക്ർ – തസ്ബീഹു കൾ ചൊല്ലി സുഖിച്ചിരുന്നാൽ മതി" മറ്റൊരിക്കൽ പാടി, "ഹൃദയ വേദനയ്ക്ക് വേണ്ടിയാണ് മനുഷ്യൻ പടയ്ക്കപ്പെട്ടത്. നന്മകൾക്ക്, മലക്കുകൾ തന്നെ ധാരാളമായിരുന്നു." മറ്റൊരുകവി അമീർ പാടു ന്നു. "കത്തി കുത്തിക്കയറുന്നത് വല്ലവരിലാണെങ്കിലും പിടയ്ക്കു ന്നത് നാമാണ്. മുഴുവൻ ലോകത്തിന്റെയും വേദന നമ്മുടെ കരളി ലാണ്."

അതെ! കരുണയും സ്നേഹവുമാണ് ഉന്നത മാനുഷിക ഗുണം. വിധവയുടെ കീറിപ്പറിഞ്ഞ വസ്ത്രവും സാധുവിന്റെ തണു ത്തുകിടക്കുന്ന അടുപ്പും കാണുമ്പോൾ നമ്മുടെ കണ്ണിൽ നിന്നു പൊടിഞ്ഞുവീഴുന്ന ഒരു തുള്ളി കണ്ണുനീർ അതി പവിത്രമാണ്. അത് തിൻമയുടെ സമുദ്രത്തിലിട്ടാൽ ജലം മുഴുവൻ ശുദ്ധമാകും. പാപത്തിന്റെ കാട്ടിലിട്ടാൽ അതിനെ കരിച്ച് പ്രകാശപൂരിതമാ ക്കും. മലക്കുകൾക്ക് എല്ലാ നന്മകളും അറിയാം. കണ്ണുനീർ മാത്രമല്ല, സ്നേഹമാണ് മനുഷ്യന്റെ അമൂല്യഗുണം. മതം, സമു

ദായം, വിഭാഗം, പ്രദേശം, രാജ്യം ഇതൊന്നും നോക്കാതെയുള്ള സ്നേഹം. ഇതാണ് മനുഷ്യന്റെ മഹത്വം.

ഈ മൂലധനം നഷ്ടപ്പെട്ടവൻ പരമദരിദ്രനാണ്. ഒരു രാജ്യത്ത് അമേരിക്കയുടെ സമ്പത്തും, റഷ്യയുടെ പട്ടാളവും അറേബ്യയുടെ പെട്രോളും, സ്വർണ്ണ – വെള്ളികളുടെ ഗംഗയും യമുനയും ഉണ്ടെങ്കിലും സ്നേഹത്തിന്റെ ഉറവകൾ വറ്റിക്കിടക്കുകയാണെങ്കിൽ ആ രാജ്യം ദരിദ്രമാണ്.അവിടെ പടച്ചവന്റെ കാരുണ്യം ഇറങ്ങുന്നതല്ല. കരയുകയും പിടക്കുകയും ചെയ്യാത്ത മനസ്സും ഹൃദയവും വെറും കല്ലാണ്. ഭൂമിയേക്കാൾ ശ്യാമളതയും ഉറവയേക്കാൾ ഊറ്റും പ്രപഞ്ചത്തേക്കാൾ വിശാലതയും മേഘങ്ങളേക്കാൾ ജലാംശവും ഉള്ളതാണ് യഥാർത്ഥ മനസ്സ്. കണ്ണീരിന്റെ ഉപ്പുരസമില്ലാത്തതും ഖേദിക്കാത്തതും. വ്യസനത്തിന്റെ വിയർപ്പുയരാത്തതുമായ നെറ്റി ജന്തുക്കളുടെ നെറ്റിയല്ല. ഏതോ പാറക്കല്ലാണ്. മാനവ സേവനത്തിന് മുതിരാത്ത കരം തളർന്ന് കുത്തിയ കരമാണ്. സഹോദരന്റെ കഴുത്തറുക്കുന്ന കരത്തേക്കാൾ ഭേദം പുലിയുടെ കരമാണ്. പടച്ചവൻ കൈ തന്നത് മറ്റുള്ളവരെ അറുക്കാനായിരുന്നെങ്കിൽ കൈക്കു പകരം വാൾ നൽകുമായിരുന്നു. അവന്റെ ലക്ഷ്യം പണം വാരിക്കൂട്ടലായിരുന്നുവെങ്കിൽ പിടക്കുന്ന മനസ്സിന്റെ സ്ഥാനത്ത് സുഖം മാത്രം മോഹിക്കുന്ന എന്തെങ്കിലും വെയ്ക്കുമായിരുന്നു. അവന്റെ ലക്ഷ്യം സംഹാരമായിരുന്നെങ്കിൽ മസ്തിഷ്കം തന്നെ ഉണ്ടാകുമായിരുന്നില്ല.

എനിക്ക് മുമ്പ് സംസാരിച്ച ബാരിഖ് സാഹിബ് മനുഷ്യശരീരത്തിലെ അത്ഭുതങ്ങൾ വിവരിച്ചു. ശരി തന്നെ. പക്ഷേ ഏറ്റവും വലിയ അത്ഭുതം മനുഷ്യന്റെ മനസ്സാണ്. അതിന്റെ അത്ഭുതത്തിനു മുമ്പിൽ മറ്റുള്ളതൊന്നും ഒന്നുമല്ല. ശത്രുക്കളായ തടവുകാരുടെ പ്രയാസമോർത്ത് രാത്രി മുഴുവൻ ഉറങ്ങാതെ കഴിഞ്ഞ, കുട്ടിയുടെ കരച്ചിൽ കേട്ട് നമസ്കാരം ചുരുക്കിയ റസൂലുല്ലാഹി (സ) യുടെ മനസ്സാണ് ഏറ്റവും വലിയ അത്ഭുതം !

ഇന്ത്യയുടെ സ്വാതന്ത്ര്യ–സമരത്തിൽ വളരെ ശക്തമായി പങ്കെടുത്ത ഒരു കുടുംബത്തിലെ അംഗമാണ് ഞാൻ. മറ്റു പലരും സ്വാതന്ത്ര്യസമരമെന്നല്ല സ്വാതന്ത്ര്യം എന്നു പോലും പറയുന്നതിന് മുമ്പ് സ്വാതന്ത്ര്യത്തിനു വേണ്ടി പേരാടിയ ഒരു കുടുംബമാണ് ഞങ്ങ

ളുടേത്. പക്ഷേ ഞാൻ പറയട്ടെ, ദേശീയത ഒരുതരം ഇടുങ്ങിയ ചിന്താഗതി (നാരോ മൈൻഡ്നസ്) യാണ്. മുഴുവൻ ലോകത്തെയും കുറിച്ച് ചിന്തിക്കലാണ് യഥാർത്ഥ മാനവികത. എല്ലാ സമുദായങ്ങളും രാഷ്ട്രങ്ങളും മാനവരാശിയുടെ ശാഖകളാണ്. ഇതു കാത്തുസൂക്ഷിക്കാനും നിലനിർത്താനും ഇന്ന് എത്രപേർ പരിശ്രമിക്കുന്നുണ്ട് !

സംസ്കാരം, നാഗരികത, രാഷട്രീയം, ഭരണം, സാഹിത്യം, തത്വശാസ്ത്രം, വിജ്ഞാനം, കല ഇവകളുടെ കൂടുകൾ ഇരിക്കുന്നത് മാനവികതയുടെ ശിഖരത്തിലാണ്. ശിഖരമുണ്ടെങ്കിൽ നിങ്ങൾ ഇഷ്ടമുള്ള കൂട് കെട്ടിക്കൊള്ളുക. ശിഖരം തന്നെ ഇല്ലെങ്കിൽ കൂട് എവിടെ കെട്ടാനാണ് ? ഈ മാനവികതയാണ് വാൾ കൊണ്ട് അറുത്ത് മാറ്റപ്പെടുന്നത്, തീവെച്ച് ചാമ്പലാക്കപ്പെടുന്നത്. ഏറ്റവും വലിയ വാൾകൊണ്ട് ശിഖരങ്ങൾ മുറിക്കാനുള്ള ആഗ്രഹത്തിലാണ് നാം ഓരോരുത്തരും.

ഇന്ന് രാജ്യത്ത് മനുഷ്യസ്നേഹവും സഹാനുഭൂതിയും ഇല്ലാതായിരിക്കുന്നു. മാനവസ്നേഹത്താൽ കത്തുന്ന മനസ്സ് നമ്മുടെ നെഞ്ചിൽ കാണാനില്ല. സ്വന്തം കാര്യം മാത്രമാണ് എല്ലാവരുടെയും ലക്ഷ്യം. മരണാനന്തരം മഹ്ശറിൽ സ്വന്തം മാതാപിതാക്കൾ, ഇണകൾ, സന്താനങ്ങൾ, സഹോദരങ്ങൾ ഇവരിൽ നിന്നും മനുഷ്യൻ വിരണ്ടോടുകയും സ്വന്തം കാര്യം മാത്രം നോക്കുകയും ചെയ്യുന്നതാണെന്ന് ഖുർആനിൽ പറയപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഒരു ദൃശ്യം ഇന്ന് നമുക്കിടയിൽ തന്നെ കാണപ്പെട്ടു തുടങ്ങിയിരിക്കുന്നു. വാഹനാപകടങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ തരംതാഴ്ന്ന ചിന്താഗതി കൂടുതൽ പ്രകടമാകുന്നുണ്ട്. ദുരന്തബാധിതരെ സഹായിക്കുന്നതിനു പകരം അവരുടെ സ്വത്തുക്കൾ കവർന്നെടുക്കുന്ന– സ്വഭാവം ഇന്നുകാണാം. അപകടത്തെക്കുറിച്ച് മുന്നറിയിപ്പാണിത്. ഇതുകണ്ട് മുഴുവൻ സമൂഹവും ഉണരേണ്ടിയിരിക്കുന്നു.

നാം പലപ്പോഴും മൃഗങ്ങൾക്കും വൃക്ഷങ്ങൾക്കും മനുഷ്യനേക്കാൾ വില കൽപ്പിക്കാറുണ്ട്. പക്ഷേ മുഴുവൻ സൃഷ്ടികളേക്കാളും ഉന്നത സ്ഥാനമാണ് അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ളത്. മനുഷ്യന്റെ വിശപ്പും ദാഹവും രോഗവും അല്ലാഹു അവന്റെ വിശപ്പും ദാഹവും രോഗവുമായിട്ടാണ് അനുസ്മരിച്ചിട്ടുള്ളത് എന്ന്

ഹദീസിൽ വന്നിരിക്കുന്നു. വിശന്നവനെ ആഹരിപ്പിക്കലും ദാഹി ച്ചവനെ കുടിപ്പിക്കലും രോഗിയെ ശുശ്രൂഷിക്കലും അല്ലാഹുവിനു– വേണ്ടിയുള്ള ഏറ്റവും വലിയ പുണ്യകർമ്മങ്ങളാണ്. ഒരു തുലാ സിന്റെ തട്ടിൽ മുഴുവൻ വൻകരകളേയും മറ്റൊന്നിൽ മനുഷ്യനേയും ഇരുത്തിയാൽ മനുഷ്യനിരിക്കുന്ന തട്ട് ഭാരമുള്ളതാകാനാണ് സാധ്യത. കാരണം വൻകരകൾ മനുഷ്യനു വേണ്ടിയുള്ളതാണ്. മനുഷ്യൻ വൻകരകൾക്ക് വേണ്ടിയുള്ളതല്ല.

മനുഷ്യന്റെ മഹത്വം, അവന്റെ നാൾവഴി, മാതാപിതാക്ക ളുടെ മമത, ഗുരുനാഥന്മാരുടെ പരിശ്രമം. ഇതേക്കുറിച്ചൊന്നും ബോധമില്ലാത്തവരാണ് കൊലയാളികൾ. മാനവികതയുടെ പൂവനം തീവെച്ചുനശിപ്പിച്ചവരൊന്നും മിടുക്കന്മാരല്ല. മാനവികതയെക്കു റിച്ച് അറിവില്ലാത്ത വിവരം കെട്ടവരാണവർ.

സഹോദരങ്ങളെ, നിങ്ങളുടെ മനസ്സിൽ മാനവികതയോടുള്ള ആദരവും സ്നേഹവുമുണ്ടെങ്കിൽ അതുപാലിക്കേണ്ട സ്ഥലമാണി ത്. ഈ നാട്ടിൽ ഞങ്ങളെക്കാളും ശക്തിയും സ്ഥാനവും ഉള്ളവർ കസേരകളിൽ നിന്നും എഴുന്നേറ്റ് ഈ രാജ്യത്തെ രക്ഷിക്കാൻ രംഗത്ത് എത്തേണ്ട സന്ദർഭമാണിത്. രാജ്യമില്ലെങ്കിൽ ഭരണവും മറ്റും എവിടെയുണ്ടാകാനാണ്? മാനവികത ശ്വാസം മുട്ടി മരിച്ചാൽ ഐക്യരാഷ്ട്രസഭയിൽ മൃഗങ്ങൾ പ്രതിനിധിയാകുമോ ?

വലിയ കസേരകളിലും സ്ഥാനങ്ങളിലും ഇരുന്നവർ പുറ ത്തേക്കുവന്ന് മാനവികതയെ രക്ഷിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു, പക്ഷേ ആരും വരുന്നത് കണ്ടില്ല. അങ്ങനെ, രംഗത്തിറങ്ങി നമ്മെക്കൊണ്ട് ചെയ്യാൻ പറ്റുന്നത് ചെയ്യാം എന്ന് വിചാരിച്ച് ഞങ്ങൾ ഇറങ്ങിയിരിക്കുകയാണ്. ലോകം, സമൂഹം, മതം എന്നിവയുടെ ചരിത്രം പരിശോധിച്ചാൽ നവോത്ഥാനത്തിന്റെ ശബ്ദമുയർന്നത് പലപ്പോഴും ബലഹീനതയിലായിരുന്നു. ശേഷം അത് എല്ലാവരു ടെയും മനസ്സിന്റെ ശബ്ദമായി മാറി. സമൂഹത്തിൽ പരിവർത്തനം നടന്നു. ഈയൊരു പ്രതീക്ഷയിൽ ഞങ്ങളും ഇവിടെ വന്നിരിക്കു കയാണ്. ഉണർത്തുവാൻ ഇലയുടെ ചലനവും മതിയാകുന്നതാ ണ്.

ഞങ്ങൾക്ക് പറയാനുള്ളത് ഇത്ര മാത്രമാണ്. ഓരോരു

ത്തരും അവരവരുടെ മത തത്വങ്ങൾക്കുള്ളിൽ നിന്ന് മാനവസ്നേഹവും ആദരവും സജീവമാക്കാൻ പരിശ്രമിക്കട്ടെ ! ആദ്യം മനുഷ്യനാവുക. ശേഷം പഠന –ചിന്താ–പ്രവർത്തനങ്ങളിലൂടെ ജീവിതമാർഗ്ഗം തിരഞ്ഞെടുക്കുക. ആദ്യം പരസ്പര–വിശ്വാസവും സ്നേഹവും ഉണ്ടാക്കിയെടുക്കുക. എന്നിട്ടാകാം മറ്റുകാര്യങ്ങൾ. പരസ്പര വിശ്വാസം തകർക്കുന്ന ഒരു പ്രവർത്തനവും നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകില്ല എന്ന് ഉറച്ച തീരുമാനമെടുക്കുക.

മതവുമായി ബന്ധമുള്ള ഒരു മനുഷ്യൻ എന്ന നിലയിൽ പറയട്ടെ. അക്രമത്തിലൂടെ, ഈ ലോകത്തിനു തന്നെ നാശനഷ്ടങ്ങൾ സംഭവിക്കുന്നതാണ്. എന്തെങ്കിലും അക്രമത്തെക്കുറിച്ചു കേട്ടാൽ പടച്ചവന്റെ ശിക്ഷ ഇപ്പോൾ ഇറങ്ങുമോ എന്ന് സദാ ഭയമുണ്ടാകാറുണ്ട്. ആകയാൽ അടുത്തകാലത്ത് നമുക്കിടയിൽ ഉണ്ടായിപ്പോയ അക്രമങ്ങൾ പരസ്പരം മാപ്പാക്കി ഇനിയൊരിക്കലും അത് ആവർത്തിക്കുകയില്ലെന്ന് നാം തീരുമാനിക്കുക.

# നീതിയും പരോപകാരവും മുറുകെ പിടിക്കുക!

ഡിസംബർ 4 ന് ഉജ്ജയിനിൽ നടത്തപ്പെട്ട പഠനാർഹമായ പ്രഭാഷണം.

## ജീവിതത്തിന്റെ കർമ്മപദ്ധതി

'' തീർച്ചയായും അല്ലാഹു നീതിയും പരോപകാരവും അടുത്തവർക്കുള്ള ദാനവും കൊണ്ട് കൽപിക്കുന്നു. ലജ്ജാവഹമായ കാര്യങ്ങൾ, പാപങ്ങൾ, അക്രമം ഇവയിൽ നിന്നും തടയുന്നു." (നഹ്ൽ : 90)

സഹോദരങ്ങളെ, പരിശുദ്ധ ഖുർ ആനിലെ ഒരു സൂക്തമാണ് ഇവിടെ ഓതപ്പെട്ടത്. എല്ലാ വെള്ളിയാഴ്ചയും ജുമുഅ ഖുതുബയുടെ അവസാനം പാരായണം ചെയ്യപ്പെടാറുള്ള ഈ വചനത്തെ മുസ്ലിംകൾ പോലും ശരിയായി ഗ്രഹിക്കാറില്ലെന്നതാണ് വസ്തുത. ഇതെന്തിനാണ് ഓതുന്നത് ? ഇതിന്റെ സന്ദേശമെന്താണ് ? എന്ന് ആരും ചിന്തിക്കാറില്ല. യഥാർത്ഥത്തിൽ ഇത് അതിമഹത്തായ ഒരു വചനമാണ്. മുഴുവൻ ജീവിതത്തിന്റെയും കർമ്മരേഖ (MANIFESTO) ഇതിൽ അടക്കം ചെയ്തിരിക്കുന്നു. ആദ്യം മൂന്ന് കാര്യങ്ങൾ കല്പിക്കുന്നു. 1)എല്ലാവരോടും നീതി 2) എല്ലാവർക്കും ഉപകാരം. 3) ബന്ധുക്കൾ, നാട്ടുകാർ, മിത്രങ്ങൾ ഇങ്ങനെ അടുത്തവർക്കുള്ള ദാനങ്ങൾ. ശേഷം 3 കാര്യങ്ങൾ തടയുന്നു 1) ലജ്ജാവഹമായ കാര്യങ്ങൾ. 2) പാപങ്ങൾ 3) അക്രമം. അവസാനം ഉണർത്തുന്നു. നിങ്ങൾ ഉപദേശം സ്വീകരിക്കാനാണ് ഈ ഉപദേശം നിങ്ങളോട് നടത്തുന്നത്.

ഈ വചനത്തിലെ പ്രഥമ ഉപദേശം " നീതി പുലർത്തുക" എന്നതാണ്. നീതിയെ കുറിച്ച് പറയുമ്പോൾ ഈ പട്ടണം ഭരിച്ച വിക്രമാദിത്യരാജാവിനെ ഓർമ്മ വരുന്നു. അദ്ദേഹം നീതിമാനായ ഒരു ഭരണാധികാരിയായിരുന്നു. ഇന്നു ലോകം ഏറ്റവും കൂടുതൽ

വിസ്മരിച്ച ഒരു വിഷയവും നീതിയാണ്. നീതി കാണിക്കുന്നവർ തന്നെ, രൂപം നോക്കിയും അളന്ന് തൂക്കിയും ചിന്തിച്ച് ആലോചി ച്ചുമാണ് നീതി പുലർത്തുന്നത്. സ്വന്തം മതം, ബന്ധം, കുടുംബം, ഗോത്രം ഇതെല്ലാം വരുമ്പോൾ നീതിക്ക് വേണ്ടി മനസ്സുകൾ തുറ സ്സമാകുകയും നീതി എളുപ്പമാകണമെന്നും ആഗ്രഹിക്കുന്നു. എന്നാൽ ഭൗതിക പ്രയോജനത്തിനും പ്രശംസയ്ക്കും സാദ്ധ്യത യില്ലാത്തതും വിമർശന സാദ്ധ്യതയുള്ളതുമായ ആളുകളാണെങ്കിൽ അവരോട് നീതി പുലർത്താൻ പാദം ഉയരുകയോ, തൂലിക ചലി ക്കുകയോ ഇല്ല. നീതിക്ക് പ്രത്യേക ഉൽപ്പന്നവും കുടുംബവും ദേശവും സമൂഹവും നോക്കുന്ന അവസ്ഥ വന്നിരിക്കുന്നു. പടച്ച വന്റെ കൽപ്പനയായി കാണുകയും മറ്റുള്ളവരുടെ അവകാശങ്ങളു മായി ബന്ധിപ്പിക്കുകയും സത്യസന്ധതയും നിഷ്പക്ഷതയും മുറുകെ പിടിക്കുകയും ചെയ്തുകൊണ്ടുള്ള നീതി ഇന്ന് ദുഷ്കര മായിരിക്കുന്നു. കാരണം, പടച്ചവനെ കുറിച്ച് ഭയവും മാനവികത യോട് ആദരവുമുള്ളവരിൽ നിന്ന് മാത്രമേ യഥാർത്ഥ നീതി ഉണ്ടാ കുകയുള്ളൂ.

## സൃഷ്ടികളെല്ലാം പടച്ചവന്റെ കുടുംബം

പ്രവാചകൻ മുഹമ്മദ് നബി (സ) അരുളി : സൃഷ്ടികളെല്ലാം പടച്ചവന്റെ കുടുംബമാണ്. തൗഹീദ് (ഏകദൈവ) വിശ്വാസത്തിൽ ചെറിയൊരു ഭേദഗതിയും സമ്മതിക്കാതിരിക്കുകയും തൗഹീദിന് പോറലേൽപ്പിക്കുന്ന എല്ലാ കാര്യങ്ങളേയും തള്ളുകയും എണ്ണ ത്തിൽ പോലും ഒറ്റയാണ് ഉത്തമമെന്ന് വാദിക്കുകയും, തൗഹീ ദിൽ തികഞ്ഞ ജാഗ്രത പുലർത്തുകയും ചെയ്യുന്ന ഒരു മതമാണ് സൃഷ്ടികൾ അല്ലാഹുവിന്റെ കുടുംബമാണെന്ന് പറഞ്ഞതെന്ന് ഓർക്കുക. പരിശുദ്ധ ഖുർആനിന്റെ മൂന്നിലൊരു ഭാഗം തൗഹീദ് പ്രഖ്യാപനം മാത്രമാണ്. ഖുർ–ആനിന്റെ മൂന്നിലൊന്നെന്ന് പരി ചയപ്പെടുത്തപ്പെട്ട "ഇഖ്ലാസ് സൂറത്ത്" ശ്രവിക്കൂ. "പറയുക അവൻ, അല്ലാഹു ഏകനാകുന്നു. അനാശ്രയനാകുന്നു. ജനിത നല്ല, ജാനനല്ല. അവനു തുല്യനായി ആരുമില്ല."

എന്നാൽ തൗഹീദിൽ ഇത്ര കടുപ്പമുള്ള ഇസ്ലാം, ഏത് മതസ്ഥരും നാട്ടുകാരും കുടുംബക്കാരുമാണെങ്കിലും മനുഷ്യരെല്ലാം

പടച്ചവന്റെ കുടുംബക്കാരാണെന്നും എല്ലാവരേയും അവൻ തന്നെ തീറ്റിപ്പോറ്റുന്നു എന്നും പ്രഖ്യാപിക്കുന്നു. തുടർന്ന് പ്രവാചകൻ (സ) അരുളി; അല്ലാഹുവിന് ഏറ്റവും പ്രിയങ്കരൻ ആരാണെന്നറിയാമോ ? ധാരാളം ആരാധനകൾ അനുഷ്ടിക്കുകയും മന്ത്രം ജപിക്കുകയും ചെയ്യുന്നവനല്ല. പ്രസ്തുത പടച്ചവന്റെ കുടുംബത്തിന് കൂടുതൽ ഗുണം ചെയ്യുന്നവനാണ് ഏറ്റവും പ്രിയങ്കരൻ.

## നീതിക്ക് നിറമില്ല

ആകാശത്ത് നിന്ന് പെയ്തിറങ്ങുന്ന ജലത്തെ പോലെ നീതിക്ക് നിറമില്ല. മുസ്ലിം നീതിമാൻ, ഹൈന്ദവ നീതിമാൻ എന്നതെല്ലാം കുപ്പികളുടെ നിറം പോലുള്ള നിറം മാത്രമാണ്. നീതിക്ക് നിറമില്ല. നിറമുള്ളതാകാൻ പാടില്ലതാനും. "നീതിയും പരോപകാരവുംകൊണ്ട് അല്ലാഹു കൽപ്പിക്കുന്നു'' എന്ന ആയത്തിലെ പ്രയോഗം ശ്രദ്ധേയമാണ്. മുസ്ലിംകളോട് നീതിയോടെയും ഉപകാര ചിന്തയോടെയും പെരുമാറണമെന്ന് പറഞ്ഞിട്ടില്ല. മറിച്ച് അല്ലാഹു നീതിയും ഉപകാരവും തീർത്തും പൊതുവാക്കണമെന്ന് കൽപ്പിക്കുന്നു. സാമൂഹിക നീതി, കുടുംബനീതി (FAMILY JUSTICE) ഇങ്ങനെയുള്ള നീതിക്ക് പകരം എല്ലാവരോടും, എല്ലാത്തിനോടും നീതിപുലർത്തണമെന്നാണ് ഖുർആനിന്റെ കൽപ്പന.

ഖുർആനിൽ തന്നെ മറ്റൊരു സ്ഥലത്ത് ഉപദേശിക്കുന്നു. " ആരോടെങ്കിലും നിങ്ങൾക്ക് വിരോധമുണ്ടെങ്കിൽ അത് അവരോട് അനീതി കാണിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത് "(മാഇദ) നീതി പുലർത്തേണ്ട സന്ദർഭമായാൽ ത്രാസിന്റെ ഒരു തട്ട് താഴരുത്. കാരണം പടച്ചവനെ തൃപ്തിപ്പെടുത്തുന്ന കാര്യം നീതി മാത്രമാണ്. ആകയാൽ നീതിയും പരോപകാരവും പൊതുവാക്കുക. നമ്മുടെ കുടുംബം, മതം, വിശ്വാസം ഇത്തരം പ്രയോഗങ്ങൾ നീതിയുടെ സന്ദർഭത്തിൽ നടത്താതിരിക്കുക. പടച്ചവൻ എല്ലാവരോടും ഒരു പോലെയാണ് വർത്തിക്കുന്നത്. അവന്റെ സ്നേഹ–കാരുണ്യങ്ങൾ സർവ്വ വ്യാപകമാണ്. എല്ലാവർക്കും ആഹാരം നൽകുന്നു. അപകടങ്ങളിൽ നിന്നും കാക്കുന്നു. മാതാപിതാക്കളേക്കാളും എഴുപതിരട്ടി മമതയുള്ളവനാണവൻ. കാറ്റിനും ജലത്തിനും നിറമില്ല. നീതിക്ക് നിറമുണ്ടാകരുതെന്നും അവൻ ആഗ്രഹിക്കുന്നു. മഹാന്മാ

രെല്ലാവരും ഇത് പാലിച്ചു. അതുകൊണ്ടുതന്നെ ചരിത്രത്തിൽ അവരുടെ നാമം പ്രകാശിക്കുന്നു. ഈ ഉജ്ജയിൻ പട്ടണത്തിൽ ഭരണം നടത്തിയിരുന്ന വിക്രമാദിത്യൻ നീതി പുലർത്തിയിരുന്നു, അത് കാരണം അദ്ദേഹത്തിന്റെ നാമം ഇന്നും പ്രകാശിച്ചു നിൽക്കുന്നു.

## ആഗോള നാശത്തിന്റെ കാരണം

ഇന്ന് ലോകത്ത് നടക്കുന്ന പ്രശ്നങ്ങളുടെ കാരണം നീതിയും, ഉപകാരവും ശരിയായി നിർവ്വഹിക്കപ്പെടാത്തതാണ്. തൂക്കുന്നത് എന്താണെന്നും ആരാണെന്നും ത്രാസ് നോക്കാറില്ല. ത്രാസ് ശരിയായിരുന്നാൽ അളവും ശരിയായിരിക്കും. ഭരണകർത്താക്കൾ, രാഷ്ട്രീയക്കാർ, ബുദ്ധി ജീവികൾ, പണ്ഡിതർ, കവികൾ, തത്വജ്ഞാനികൾ–ഗ്രന്ഥകർത്താക്കൾ, ചിന്തകർ, സാഹിത്യകാരന്മാർ, നിയമപാലകർ , പത്രപ്രവർത്തകർ എല്ലാവരും ത്രാസിനെ പോലെ നീതിയുള്ളവരായിരിക്കണം. അമേരിക്കയിൽ നീതി ഉണ്ടായിരുന്നുവെങ്കിൽ ഇസ്രയേൽ എന്ന ചാട്ടുളി അറബികളുടെ നെഞ്ചിൽ കുത്തിയിറക്കുകയില്ലായിരുന്നു. ബ്രിട്ടനിൽ നീതി ഉണ്ടായിരുന്നുവെങ്കിൽ നാം വർഷങ്ങളോളം അടിമകളായി കഴിയുകയും, പുരയും പറമ്പും തകർക്കപ്പെടുകയും ചെയ്യേണ്ടിവരില്ലായിരുന്നു. നമ്മുടെ രാജ്യത്ത് നീതി ഉണ്ടായിരുന്നുവെങ്കിൽ വർഗ്ഗീയ കലാപങ്ങളും പരസ്പരം പഴിചാരലുകളും കേസുകളും പണിമുടക്കുകളും പ്രകടനങ്ങളും ഉണ്ടാകുകയില്ലായിരുന്നു, പുലിയും മാനും ഒരു കുളത്തിൽ നിന്ന് ജലപാനം നടത്തുമായിരുന്നു.

### ഗുണപാഠം നിറഞ്ഞ രണ്ട് സംഭവങ്ങൾ

ഈജിപ്തിന്റെ വിജയശില്പിയും ഗവർണ്ണറുമായിരുന്ന അംറ് ബ്നുൽ ആസ് (റ) ന്റെ കാലത്ത് ഒരു കുതിരപ്പന്തയം നടന്നു. അതിൽ അദ്ദേഹത്തിന്റെ മകൻ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ കുതിരയെ ഒരു നീഗ്രോയുടെ കുതിര മുറിച്ചു കടന്നപ്പോൾ □□'തറവാടിത്തമുള്ളവന്റെ അടി' ഇങ്ങനെയായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നീഗ്രോയുടെ മുഖത്ത് ഒരു അടി കൊടു

ത്തു. നീഗ്രോ മദീനയിലെത്തി അമീറുൽ മുഅ്മി–നീൻ ഉമറുൽ ഫാറൂഖ് (റ) നോട് പരാതി പറഞ്ഞു. ഉമർ (റ) പിതാവിനേയും മകനേയും വിളിച്ചുവരുത്തി ചോദ്യം ചെയ്തു. കാര്യം ശരിയാണെന്നറിഞ്ഞപ്പോൾ അതുപോലെ തിരിച്ചടിക്കാൻ നിർദ്ദേശിച്ചു. നീഗ്രോ അടിച്ചുകഴിഞ്ഞപ്പോൾ ഉമർ (റ) പറഞ്ഞ വചനം നമുക്കെല്ലാം അന്തസ്സ് പകരുന്നതാണ്. ഉമർ (റ) പ്രസ്താവിച്ചു. "മാതാപിതാക്കളുടെ വയറ്റിൽനിന്നും സ്വതന്ത്രരായി ജനിച്ച ആളുകളെ എന്നാണ് നിങ്ങൾ അടിമകളാക്കിയത് ? "

മറ്റൊരു സംഭവം, നൂറു വർഷത്തിനിടയിൽ നമ്മുടെ ഇന്ത്യയിൽ തന്നെ നടന്നതാണ്. ഉത്തർപ്രദേശിൽ ഒരു ഭൂമിയുടെ വിഷയത്തിൽ ജനങ്ങൾ രണ്ട് വിഭാഗമായി. മുസ്ലിംകൾ പറഞ്ഞു. ഇത് മസ്ജിദ് വക ഭൂമിയാണ്. ഹൈന്ദവർ പറഞ്ഞു: അമ്പലം വക ഭൂമിയാണ്. കേസ് കോടതിയിലെത്തി. സമർത്ഥരായ വക്കീലൻമാർ വാദം നടത്തി. ഇംഗ്ലീഷുകാരനായ ജഡ്ജി ഇപ്രകാരം തീരുമാനം പറഞ്ഞു. ഇരുകൂട്ടരും യോജിക്കുന്ന ഒരാളെ രണ്ടുകൂട്ടരും കണ്ടെത്തുക. അദ്ദേഹം പറയുന്നത് അതേപ്രകാരം കേൾക്കുക. അപ്പോൾ ഹൈന്ദവർ പറഞ്ഞു. മഹ്മൂദ് ബഖ്ഷ് എന്ന ഒരു മൗലവിയെ ഞങ്ങൾ അംഗീകരിക്കാം. ഈ നാട്ടിൽ സത്യം മാത്രം പറയുന്ന ഒരേ ഒരാൾ അദ്ദേഹം മാത്രമാണ്. (ലോകം മുഴുവനും പരന്നു കഴിഞ്ഞ തബ്ലീഗ് പ്രവർത്തനത്തിന്റെ കാരണക്കാരനായ മൗലാനാ മുഹമ്മദ് ഇൽയാസിന്റെ പിതാമഹനാണ് മൗലാനാ മഹ്മൂദ് ബഖ്ഷ് കാന്തലവി). ജഡ്ജി അത്ഭുതത്തോടെ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം പറഞ്ഞു. എനിക്ക് ഇംഗ്ലീഷുകാരോട് വെറുപ്പാണ്. അവരുടെ മുഖം നോക്കാൻ വയ്യ. ജഡ്ജി പറഞ്ഞു. എന്റെ മുഖം നോക്കേണ്ടതില്ല, തിരിഞ്ഞുനിന്ന് പറഞ്ഞാൽ മതി. അദ്ദേഹം ജഡ്ജിയിലേക്ക് പുറംതിരിച്ചുനിന്നു. ജഡ്ജി വിഷയം പറഞ്ഞപ്പോൾ അദ്ദേഹം പ്രസ്താവിച്ചു. സത്യം പറഞ്ഞാൽ അത് അമ്പലം വക ഭൂമിയാണ് . മസ്ജിദിന്റേതല്ല. മുസ്ലിംകൾ പറയുന്നത് കളവാണ്! അദ്ദേഹം ഈ വാക്കുപറഞ്ഞതോടെ പ്രശ്നങ്ങളെല്ലാം കെട്ടടങ്ങി.

ഇതാണ്, ശരിയായ രീതി. ഈ മാർഗ്ഗം ഇന്ന് ലോകം സ്വീകരിച്ചാൽ ഇന്നത്തെ പ്രശ്നങ്ങളെല്ലാം അവസാനിക്കും. നമ്മുടെ രാജ്യത്ത് ഈ സ്വഭാവവും രീതിയും വീണ്ടും ഉണ്ടാക്കിയെടുക്കാൻ

പ്രത്യേകം പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതിനുള്ള വേദിയായ ഈ കൂട്ടായ്മയിൽ നിങ്ങളെല്ലാവരും കണ്ണികളാകുക. പടച്ചവൻ അനുഗ്രഹിക്കട്ടെ!

## മാധ്യമങ്ങൾ മാത്രം പോരാ.. ഉന്നതലക്ഷ്യങ്ങൾ വേണം.

ഡിസംബർ ആറിന് ഇൻഡോറിലെ ടാഗോർ ഹാളിൽ കൂടിയ മഹാസമ്മേളനത്തിൽ നടത്തിയ ഉജ്ജ്വല പ്രഭാഷണം.

"ഈ ലോകത്ത് രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, മാധ്യമങ്ങൾ. രണ്ട്, അവയുടെ ലക്ഷ്യങ്ങൾ. ഈ രണ്ട് കാര്യങ്ങളാണ് നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാനം. ഇത് രണ്ടും നന്നാക്കുകയും സഹകരിക്കുകയും (Co-ordinatition) ചെയ്താൽ ശരിയായ സമൂഹം (Civilization) നിലവിൽ വരും. ഇവ രണ്ടും വിഭിന്നമായാൽ ലോകത്ത് പ്രശ്നങ്ങൾ (Crisis) ഉടലെടുക്കും. മാധ്യമങ്ങൾ ലക്ഷ്യങ്ങളെ പരിഗണിക്കാതിരിക്കുകയും ലക്ഷ്യങ്ങൾ മാധ്യമങ്ങളെ അവഗണിക്കുകയും ചെയ്തപ്പോഴെല്ലാം ലോകത്ത് ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്.

മാധ്യമങ്ങൾ വളരുകയും വ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ശാസ്ത്ര വിദ്യാർത്ഥികളല്ലാത്തവർക്കുപോലും ഇക്കാര്യം അറിയാം. നൂതന മാധ്യമങ്ങൾ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

മനുഷ്യൻ വിവിധ മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. Atomic Energy യുടെ യുഗം, ടെക്നോളജി യുഗം, ഇൻസ്ട്രോമെന്റ് യുഗം എന്നിങ്ങനെ പല പേരുകളും ഇന്നത്തെ ലോകത്തിന് വെക്കാമെങ്കിലും വിനീതന്റെ അഭിപ്രായത്തിൽ ഈ യുഗത്തിന് യോജിച്ച നാമം 'മാധ്യമങ്ങളുടെ കാലഘട്ടം' എന്നതാണ്. ഇതിൽ എല്ലാം പെടുന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ പടച്ച തമ്പുരാൻ നമ്മോട് വലിയ അനുഗ്രഹം ആണ് ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന്, അടുത്ത കാലഘട്ടം വരെ വല്ല സദസ്സിനേയും അഭിമു

ഖീകരിക്കേണ്ടിവന്നാൽ വളരെ കൂടുതൽ ശബ്ദം ഉയർത്തേണ്ടി വന്നിരുന്നു. എന്നിട്ടും പലർക്കും കേൾക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ മൈക്കിന്റെ രൂപത്തിൽ ചെറിയ ഒരു മാധ്യമം പടച്ചവൻ നമുക്ക് നൽകി. അതിലൂടെ വളരെ അടുപ്പത്തിൽ പ്രസംഗം നടത്താനും നിങ്ങൾക്ക് കേൾക്കാനും സാധിക്കുന്നു. ഇപ്രകാരം ഈ വെളിച്ചത്തെ ശ്രദ്ധിക്കൂ. പഴയകാലത്ത് മെഴുകുതിരികളും റാന്തൽ വിളക്കുകളും ആയിരുന്നു. എന്നാൽ ഇന്ന് ഒരു സ്വിച്ച് അമർത്തിയാൽ പ്രദേശമാകെ വെളിച്ചം നിറയുന്നു.

ഈ മാധ്യമങ്ങളെല്ലാം പടച്ചവന്റെ അനുഗ്രഹങ്ങളാണ്. മലമുകളിൽ ഇരിക്കുന്ന മതവുമായി ബന്ധമുള്ള (Extremist) വ്യക്തികൾക്കുപോലും ഈ മാധ്യമങ്ങളെ നിന്ദിക്കാൻ സാധ്യമല്ല. മതപരമായ ശൈലിയിൽ ചിന്തിക്കുന്നവരും (Religious Mentality) ഇതിന്റെ മഹത്വം അംഗീകരിക്കുന്നുണ്ട്. പരിശുദ്ധ ഖുർആനിൽ വിവിധ സ്ഥലങ്ങളിൽ  മാധ്യമങ്ങൾ മനുഷ്യർക്ക് വേണ്ടി നൽകിയ അനുഗ്രഹം ആണെന്ന് പടച്ചവൻ പ്രസ്താവിച്ചിട്ടുണ്ട്. ഒരിടത്തു പറയുന്നു: " ആ അല്ലാഹുവാണ് ഭൂമിയിലുള്ള സകല വസ്തുക്കളെയും നിങ്ങളുടെ കൈക്കുമ്പിളിലേക്ക് നിങ്ങളുടെ ഉപയോഗത്തിനുവേണ്ടി (Disposal) നൽകിയത്". (അൽ ബഖറ-29). മറ്റൊരിടത്ത് വിവരിക്കുന്നു: " നാം മനുഷ്യ വിഭാഗത്തിന് അന്തസ്സ് നൽകി. അവരുടെ മഹത്വം വർദ്ധിപ്പിച്ചു. കരയിലും കടലിലും അന്തരീക്ഷത്തിലും നാം അവരെ യാത്ര ചെയ്യിപ്പിച്ചു." (ബനൂ ഇസ്റാഈൽ 70) ഇതര മത ഗ്രന്ഥങ്ങളും ഇതേ രീതിയിൽ തന്നെ മാധ്യമങ്ങളെ ആദരിക്കുന്നുണ്ട് എന്നാണ് എന്റെ വിശ്വാസം. ചുരുക്കത്തിൽ,  ഈ മാധ്യമങ്ങളെ എല്ലാം പടച്ചവന്റെ വലിയ അനുഗ്രഹങ്ങളാണ്. അതിലൂടെ ജീവിതം വളരെ എളുപ്പമായി. വഴിദൂരങ്ങൾ കുറഞ്ഞു. ഞാനിപ്പോൾ ലക്നൗവിൽ നിന്നുമാണ് ഇവിടെയെത്തിയിരിക്കുന്നത്. പഴയകാലത്ത് ഒരു മാസമെങ്കിലും ഇതിന് എടുക്കുമായിരുന്നു. എന്നാൽ ഇന്ന് വളരെ എളുപ്പത്തിൽ ഇവിടെ എത്താൻ കഴിയും. ട്രെയിൻ, കാർ, വിമാനം ഇവകളിലൂടെ മാസങ്ങളുടെ വഴിദൂരം ആഴ്ചകളായും, ദിവസങ്ങളായും, മണിക്കൂറുകളായും ചുരുങ്ങിയിരിക്കുന്നു. ഇതെല്ലാം പടച്ചവന്റെ അനുഗ്രഹങ്ങളാണ്.

ഇനി, വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയുകയാണ്. ശ്രദ്ധി

ക്കുക. ഈ മാധ്യമങ്ങൾക്ക് ഒരു ഗുണവും ദോഷവുമില്ല. ഇവയ്ക്ക് യാതൊരു പ്രത്യേകതയുമില്ല. ഇവയുടെ വിലയും നിലയും ലക്ഷ്യ വുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവകൊണ്ട് എന്തുകാര്യമാണ് ചെയ്യേ ണ്ടതെന്ന് നമുക്കറിയില്ലെങ്കിൽ ഒരു ഗുണവുമില്ല. തെറ്റായ കാര്യ ങ്ങൾക്ക് ഇവ ഉപയോഗിച്ചാൽ അത് നന്ദികേടാണ്. ഇനി തെറ്റായ കാര്യങ്ങൾക്ക് ഉപയോഗിച്ചില്ല. പക്ഷേ ഉന്നത (Superior) ലക്ഷ്യം വിട്ട് താഴ്ന്ന കാര്യങ്ങൾക്ക് ഉപയോഗിച്ചു. അതും തെറ്റാണ്.

ഉദാഹരണത്തിന്, റേഡിയോ കണ്ടുപിടിക്കപ്പെട്ടപ്പോൾ അതിനെ കുറിച്ച് ധാരാളം നന്മകൾ പ്രചരിപ്പിക്കപ്പെട്ടിരുന്നു. റേഡിയോ വ്യാപകമാകുമ്പോൾ എല്ലാ രാഷ്ട്രങ്ങൾക്കുമിടയിൽ സ്നേഹവും സഹകരണവും ഉണ്ടായിത്തീരും. എല്ലാവിധ ശത്രുതകളും തെറ്റിദ്ധാരണകളും നീങ്ങും എന്നെല്ലാം പരസ്യപ്പെ ടുത്തപ്പെട്ടു. ഇതൊന്നും തെറ്റുമല്ലായിരുന്നു. കാരണം ഇന്നത്തെ പ്രധാന രോഗം നമുക്ക് പരസ്പരം അറിയില്ല എന്നതാണ്. ലോകത്ത് നടന്ന യുദ്ധങ്ങളുടെയെല്ലാം അടിസ്ഥാനം ഇതുതന്നെ. മറ്റുള്ളവ രുടെ നന്മകൾ, സേവനങ്ങൾ, സംസ്കാരം, സാഹിത്യം (Fine Art), വികാരം, നിർമ്മാണം (ARCHITECTUR) ഇതെല്ലാം അറിഞ്ഞിരു ന്നാൽ അവരുമായി വഴക്കുകൾ ഉണ്ടാവുകയില്ല. നാം പരസ്പരം അറിയലും മറ്റുള്ളവരുടെ ദുഃഖങ്ങൾ മനസ്സിലാക്കലുമാണ് ഇന്നത്തെ പ്രശ്നങ്ങളുടെ പരിഹാരം. ഇതില്ലാത്തതിനാൽ, ചിലവേള സ്വന്തം സഹോദരനെ സഹോദരൻ കഴുത്തറുക്കുന്നു. ആകയാൽ റേഡി യോയിലൂടെ ഈ ഗുണം ഉണ്ടായിരുന്നെങ്കിൽ അവർ പ്രചരിപ്പി ച്ചത് ശരിയാകുമായിരുന്നു.

പക്ഷെ, റേഡിയോയും പത്രങ്ങളും വാർത്താ മാധ്യമങ്ങളും കൂടിയതിനനുസരിച്ച് ദൂരം കുറഞ്ഞില്ല. അകലം വർദ്ധിച്ചുകൊണ്ടി രുന്നു. അതെ! ഇവകൾ മറ്റുള്ളവരുടെ നന്മകൾ വിവരിക്കുകയും സ്നേഹഗീതം ആലപിക്കുകയും പരസ്പരം ഇണക്കാൻ ശ്രമിക്കു ന്നതിനും പകരം രാഷ്ട്രീയ പ്രചാരണങ്ങൾ നടത്താൻ ആരംഭി ച്ചു. സ്വന്തം നാടിന്റെ അപദാനങ്ങൾ പാർവ്വതീകരിച്ച് പാടാനും സ്വന്തം തെറ്റുകുറ്റങ്ങൾ പോലും മഹത്വവത്ക്കരിച്ച് കാട്ടാനും മറ്റ് രാഷ്ട്രങ്ങളുടെ കുറ്റങ്ങളും കുറവുകളും പരാതിപ്പെടാനും വിമർശിക്കാനും തുടങ്ങി. അങ്ങനെ, സമുദായങ്ങളേയും രാഷ്ട്ര

ങ്ങളേയും പരസ്പരം അടുപ്പിക്കാനും ദൂരം കുറയ്ക്കാനും വ്യാജ മതിൽക്കെട്ടുകൾ തകർക്കാനും സ്നേഹസന്ദേശം വ്യാപകമാക്കാനും വലിയ ശേഷിയുള്ള റേഡിയോ, നേരെ എതിർ ദിശയിൽ സഞ്ചരിച്ച് വിപരീത ഫലങ്ങൾ ഉളവാക്കി. കുറഞ്ഞ സമയത്തിലും ചിലവിലും വളരെ എളുപ്പത്തിലും കാര്യങ്ങൾ ചെയ്യാൻ ശേഷിയുള്ള ഒരു ഉപകരണമാണ് റേഡിയോ. Seminar, Conference, Symposium ഇതെല്ലാം എത്ര അദ്ധ്വാനവും ചിലവും ഉള്ളതാണ്. റേഡിയോയിൽ അതൊന്നുമില്ല. പക്ഷേ, ദിവസവും അത് കേൾക്കുന്ന നാം ചിന്തിക്കൂ. അത് സമുദായങ്ങളെ പരസ്പരം അടുപ്പിച്ചോ? ദുഃഖിച്ച് വെറുക്കുന്ന മനസ്സുകൾ കൂട്ടിയിണക്കിയോ? ഓരോ രാജ്യക്കാരെയും സമുദായങ്ങളേയും മറ്റുള്ളവരെ കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും പ്രേരിപ്പിച്ചോ? മറ്റു നാടുകളിൽ പോകാനും അവിടങ്ങളിലെ ദുഃഖ–ദുരിത–ക്ഷാമങ്ങൾ കാണാനും സഹായിക്കാനും പ്രേരിപ്പിച്ചോ? ഒരിക്കലുമില്ല. കാരണം ഇവയുടെ ലക്ഷ്യങ്ങൾ തെറ്റിപ്പോയി. അതെ! വസ്തുക്കൾക്കും ലക്ഷ്യങ്ങൾക്കും ഇടയിൽ ഐക്യവും യോജിപ്പും ഉണ്ടായില്ലെങ്കിൽ അവയുടെ നാശം ദൂരവ്യാപകമാകുന്നതാണ്.

ഇപ്രകാരം ശാസ്ത്രം ഒരു മാധ്യമമാണ്. അതിലൂടെ ഉത്തമ അദ്ധ്യാപനവും ലക്ഷ്യങ്ങളും ഉത്തരവാദിത്വബോധവും (Responsibility) ഉണ്ടാകുമെന്ന് ഒരു ശാസ്ത്രജ്ഞനും വാദിച്ചിട്ടില്ല. അതെല്ലാം അതിന്റെ മേഖലയ്ക്ക് മുകളിലുള്ളതാണ്. നിങ്ങൾ ആറ്റംബോംബും ന്യൂക്ലിയർ ആയുധങ്ങളും ഞങ്ങൾക്ക് ഉണ്ടാക്കിത്തന്നുവെങ്കിലും അത് ഉപയോഗിക്കാൻ പഠിപ്പിച്ചുതരികയോ പടച്ചവനെക്കുറിച്ചുള്ള ഭയവും മാനവ സ്നേഹവും പകർന്ന് തരികയോ ചെയ്യാതിരുന്നതെന്താണ്? അതുകൊണ്ടല്ലേ ഹിരോഷിമ, നാഗസാക്കി പോലുള്ള മഹാദുരന്തങ്ങൾ നടന്നതെന്ന്, ആരെങ്കിലും ശാസ്ത്രജ്ഞരോട് ചോദിച്ചാൽ അവരുടെ ന്യായമായ മറുപടി ഇതായിരിക്കാം. “ അതൊന്നും ഞങ്ങളുടെ വിഷയമല്ല. ആത്മീയ – മത – പരിഷ്കരണങ്ങളുടെ (Ethics, Reform) വക്താക്കളുടെ മേഖലയാണത്. അവരോട് ചോദിക്കുക! “ അതെ, ശാസ്ത്രം ഒരു മാധ്യമം മാത്രമാണ്. അതിന്റെ ലക്ഷ്യം നന്നായാൽ നന്മ വരും. മോശമായാൽ നാശമുണ്ടാകും.

ഇന്ന് മാധ്യമങ്ങൾ അടിക്കടി പുരോഗതി പ്രാപിക്കുകയാണ്. ദിനവും നവനൂതന കണ്ടുപിടിത്തങ്ങളാണ്. എല്ലാവരും വസ്തുക്കളുടെ സ്നേഹത്തിൽ മുങ്ങിക്കിടക്കുന്നു. അവയ്ക്ക് ചില ലക്ഷ്യങ്ങളുണ്ടായിരിക്കണം എന്ന ചിന്തപോലും നമുക്കില്ല എന്നതാണ് ഇന്നത്തെ ലോകത്തിന്റെ ദുരന്തം (Tragedy). ഈ സമീപനം തീർത്തും തെറ്റും അപകടകരവുമാണ്. ഇത് നമ്മുടെ മാത്രം അവസ്ഥയല്ല. ലോകത്തെ നയിക്കുന്ന (LEAD) ആളുകളുടെ അവസ്ഥയും ഇതുതന്നെ. അതുകൊണ്ടാണ് ഒന്നാം ലോകയുദ്ധവും (Gret War) രണ്ടാം ലോകയുദ്ധവും നടന്നത്. അതെ! വസ്തുക്കൾ (Means) ഉണ്ട്. അവയെ നേരെയാക്കുന്നതും നിയന്ത്രിക്കുന്നതുമായ ഗുണങ്ങൾ (AIMS) ഇല്ല. കൊച്ചുകുട്ടിയുടേയോ സമനില തെറ്റിയവന്റെയോ കയ്യിൽ കത്തി കൊടുക്കുന്നതുപോലെയാണിത്.

പടച്ചവനെ കുറിച്ചുള്ള ഭയവും മാനവികതയോടുള്ള സ്നേഹവുമാണ് വസ്തുക്കളുടെ ലക്ഷ്യം നന്നാക്കാനുള്ള ഏകവഴി. വസ്തുക്കൾ മനുഷ്യന്റെ ഉടമയല്ല; അടിമയാണ്. ദുഃഖിപ്പിക്കാനുള്ളതല്ല, സുഖിപ്പിക്കാനുള്ളതാണ് എന്ന ചിന്ത മാധ്യമങ്ങൾ ഉപയോഗിക്കുന്നവർക്കുണ്ടായിരിക്കണം. എന്നാൽ ഈ വസ്തുക്കൾ ഏറ്റവും നല്ല ലക്ഷ്യങ്ങളിൽ ചിലവഴിക്കപ്പെടും. കഴിഞ്ഞകാല ചരിത്രം സാക്ഷ്യം വഹിച്ചിട്ടുള്ള ഒരു യാഥാർത്ഥ്യമാണിത്.

ചരിത്രത്തിലേക്ക് നോക്കുക, മുൻപ് വസ്തുക്കൾ കുറവായിരുന്നു. പക്ഷെ, ലക്ഷ്യം ഉന്നതവും മനസ്സ് പരിശുദ്ധവും മസ്തിഷ്കം പ്രകാശിതവുമായിരുന്നു. പടച്ചവനെക്കുറിച്ചുള്ള ഭയവും മനുഷ്യരോടുള്ള സഹാനുഭൂതിയും വർദ്ധിച്ചിരുന്നു. അന്ന് ഈ ലോകത്ത് മനുഷ്യ ജീവിതം സുന്ദരമായി. ഉജ്ജയ്ൻ ഭരണാധികാരി വിക്രമാദിത്യനിലൂടെ സമൂഹത്തിൽ സമൃദ്ധി വിളയാടി. ഇറാൻ ചക്രവർത്തി നൗഷിർവാനിലൂടെ സമാധാനം പ്രചരിച്ചു. ഇസ്‌ലാമിലെ സച്ചരിത ഖലീഫമാരിലൂടെ മാനവചരിത്രം പ്രകാശിച്ചു. അന്ന്, ഇന്നത്തെപ്പോലെ സാധനസാമഗ്രികളിലും വാർത്താ മാധ്യമങ്ങളിലും വർദ്ധനവോ പുരോഗതിയോ ഉണ്ടായിരുന്നില്ല. പായ് കപ്പലുകളിലും ഒട്ടകങ്ങളിലുമാണ് അവർ യാത്ര ചെയ്തിരുന്നത്. പക്ഷെ, അവർ അനുഷ്ഠിച്ച മാനവ സേവനത്തിന്റേയും നീതി–ന്യായങ്ങളുടേയും മാതൃക ഇന്ന് ലഭിക്കുന്നതല്ല. കുറഞ്ഞ മാധ്യമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്

വമ്പിച്ച വിജയമാണ് അവർ വരിച്ചത്.

അതെ! വസ്തുക്കളുണ്ടെങ്കിലും ഉന്നതലക്ഷ്യങ്ങൾ ഇല്ലെങ്കിൽ വസ്തുക്കൾ ഉപയോഗശൂന്യം! ഉന്നതലക്ഷ്യങ്ങളുണ്ടെങ്കിലും മാധ്യമങ്ങൾ ഇല്ലെങ്കിൽ ലക്ഷ്യങ്ങൾ നിഷ്ഫലം! പടച്ചവൻ നമുക്കുവേണ്ടി ധാരാളം വസ്തുക്കളെ ഉണ്ടാക്കിയിട്ടുണ്ട്. പടച്ചവനോടുള്ള ഭയത്തിന്റേയും മാനവ സ്നേഹത്തിന്റേയും ഉന്നത മൂല്യങ്ങൾ നമ്മിൽ ഇല്ലാതിരുന്നാൽ, ഈ വസ്തുക്കൾ ഗുണത്തിന് പകരം ദോഷമാകും. വസ്തുക്കൾ കൂടുന്നതിനനുസരിച്ച് നാശങ്ങളും കൂടും. പായ്ക്കപ്പലുകളിലും ഒട്ടകപ്പുറത്തും ഇരുന്ന് വളരെ സമയങ്ങളും കഷ്ടപ്പാടുകളും സഹിച്ച് നടത്തിയിരുന്ന രക്തച്ചൊരിച്ചിലുകളും മൃഗീയതകളും സ്വാർത്ഥതകളും (selfishness) വിമാനങ്ങളിൽ നിമിഷങ്ങൾക്കകം നടക്കും. അഭിനവ ചെങ്കിസ്ഖാനും നൈറോയും പഴയവരെക്കാളും വളരെ വേഗത കൂടിയവരാണ്!

## സയൻസിന്റെ മദമിളകിയ ആന

ലോകത്തെ സ്വർഗ്ഗമാക്കാനുള്ള സാധനസാമഗ്രികൾ എല്ലാമുണ്ടായിട്ടും മനസ്സിനെ നാം സ്വർഗ്ഗമാക്കുന്നില്ല എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ദുരന്തം. നമ്മുടെ രാജ്യം 1947ൽ സ്വതന്ത്രമായി. യൂണിവേഴ്സിറ്റികളും സ്കൂൾ–കോളേജുകളും മദ്റസകളും റിസർച്ച് സെന്ററുകളും ലൈബ്രറികളും വളരെയധികം വർദ്ധിച്ചു. പക്ഷെ, ജനതയുടെ സ്വഭാവ മേഖല തുടർച്ചയായ അധഃപതനത്തിലാണ്. ഇത് ഇന്ത്യയുടെ മാത്രമല്ല; മുഴുവൻ ലോകത്തിന്റേയും അവസ്ഥയാണ്. ചിക്കാഗോ ലൈബ്രറി വീക്ഷിച്ചപ്പോൾ, അവിടെ 50 ലക്ഷം ഗ്രന്ഥങ്ങൾ ഉള്ളതായി അറിയാൻ കഴിഞ്ഞു. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ ഞാൻ ലക്ച്ചർ നടത്തിയിട്ടുണ്ട്. അവിടെ ഒരു കോടി പുസ്തകങ്ങൾ ഉണ്ടത്രേ. ഇതുകൂടാതെ അമേരിക്കയുടെ ഓരോമുക്കിലും മൂലയിലും യൂണിവേഴ്സിറ്റികളുണ്ട്. പക്ഷെ, ഗ്രന്ഥങ്ങളും പാഠശാലകളും ലബോറട്ടറികളും വിജ്ഞാന–ശാസ്ത്രങ്ങളും തിളങ്ങിനിൽക്കുന്ന അമേരിക്കയുടെ അവസ്ഥ എന്താണ്? ന്യുയോർക്കിലെ പവർ പ്ലാന്റിൽ മിന്നലേറ്റ് മൂന്ന് മണിക്കൂർ സമയം യൂറോപ്പ് മുഴുവനും ഇരുട്ടിൽ തപ്പിയപ്പോൾ ഞാൻ യൂറോപ്പിലുണ്ടായിരുന്നു. ഈ മൂന്ന് മണിക്കൂറിനുള്ളിൽ, ലോകത്തെ ഏറ്റവും

വലിയ ഈ സാംസ്കാരിക നഗരിയിൽ കോടികൾ കൊള്ളയടിക്കപ്പെട്ടു. ഹിംസ്രജന്തുക്കളെപ്പോലെ ജനങ്ങൾ കടകളിലും ഓഫീസുകളിലും ചാടിക്കയറി കൊള്ളനടത്തി. പറയൂ, പ്രസ്തുത യൂണിവേഴ്സിറ്റികളും പുസ്തകങ്ങളുംകൊണ്ട് എന്ത് ഫലം? ലോകത്തെ മുഴുവൻ പരിഹസിക്കുകയും പാഠം പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അമേരിക്കയുടെ ഉള്ളിലെ കാര്യം എത്ര ദയനീയം!

അതെ! വസ്തുക്കൾക്ക് ഒരു ശക്തിയുമില്ല. ഉത്തമസ്വഭാവം, ഉത്തരവാദിത്വബോധം, ഈശ്വരഭയം എന്നിവയില്ലെങ്കിൽ, ശാസ്ത്രജ്ഞരെയും പണ്ഡിതരേയും പാഠശാലകളേയും ഗ്രന്ഥാലയങ്ങളേയും കൊണ്ട് ഒരു ഗുണവുമില്ല. ആരോടെങ്കിലും അക്രമം കാണിക്കുന്നത് സ്വന്തം ശരീരത്തെ തന്നെ ആക്രമിക്കലാണ്. മുഴുവൻ മാനവകുലവും ഒരു ശരീരവും മനുഷ്യരെല്ലാം അതിന്റെ അവയവങ്ങളുമാണ്. ഞങ്ങൾ ചെറുപ്പത്തിൽ പഠിച്ച "ഗുലിസ്താൻ" എന്ന ഗ്രന്ഥത്തിലെ ഒരു ഈരടി ഇപ്രകാരമാണ്: "ആദം സന്തതികളെല്ലാം ഒരു ശരീരത്തിന്റെ അവയവങ്ങളാണ്." അല്ലാഹുവിന്റെ തിരുദൂതർ(സ) അരുളി: " നിങ്ങൾ എല്ലാവരും ആദം സന്തതികളാണ്. ആദം പടയ്ക്കപ്പെട്ടത് മണ്ണിൽ നിന്നുമാണ്. ആർക്കും ആരെക്കാളും ഒരു മഹത്വവുമില്ല. ആരുടെമേലും പെരുമ നടിക്കാൻ അവകാശവുമില്ല."

ഈ ബോധമില്ലായ്മ ഇന്ന് പലരേയും മദമിളകിയ ആനയാക്കിയിരിക്കുന്നു. പിഞ്ച് പൈതങ്ങളെപ്പോലും അവർ ചതച്ചരയ്ക്കുന്നു. പാവപ്പെട്ടവരുടെ ചെറ്റക്കുടിലുകൾ ചവുട്ടിപ്പൊളിക്കുന്നു. ഈ ആനയെ നിയന്ത്രിക്കാൻ ഒരൊറ്റ ശക്തി മാത്രമേ ഉള്ളൂ; പടച്ചവനെക്കുറിച്ചുള്ള ഭയം! ഈ മഹൽഗുണം നിരവധി വീരശൂരപരാക്രമികളെ, വയറ്റിൽ കല്ലുകെട്ടി മറ്റുള്ളവർക്ക് വേണ്ടി വിശപ്പ് സഹിക്കാനും രാത്രി കാവൽ നിൽക്കാനും പ്രേരിപ്പിച്ചു. ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. എന്റെ പ്രധാന ബന്ധം ഇസ്ലാമിക ചരിത്രമായതിനാൽ, അതിൽനിന്നും ഒരു ഉദാഹരണം ഉദ്ധരിക്കുകയാണ്. ഇത്തരം സംഭവങ്ങൾ ഇന്ത്യയിലും ഉണ്ടായിക്കാണുമെന്നാണ് എന്റെ അനുമാനം.

ഇസ്ലാമിലെ പ്രഥമ ഖലീഫയായിരുന്നു അബൂബക്ർ സ്വിദ്ദീഖ് (റ). മുഴുവൻ സമയവും ഭരണകാര്യങ്ങളിൽ വ്യാപൃതനായിരുന്നു.

അദ്ദേഹം വളരെ ചെറിയ ഒരു ശമ്പളമാണ് വാങ്ങിയിരുന്നത്. ഒരിക്കൽ, അദ്ദേഹത്തിന്റെ പത്നിക്ക് പലഹാരം കഴിക്കാൻ ആഗ്രഹമുണ്ടായി. ഭർത്താവിനോട് പറഞ്ഞപ്പോൾ അദ്ദേഹം പ്രതിവചിച്ചു. "അതിന് പ്രത്യേകം പണം വാങ്ങുക സാധ്യമല്ല." അവർ ദിവസച്ചെലവുകളിൽ നിന്നും അൽപാൽപം മിച്ചം പിടിച്ച് കുറെ ദിവസങ്ങൾക്കൊണ്ട് പലഹാരത്തിനുള്ള പണം സ്വരൂപിച്ചു. ഇതറിഞ്ഞ അബൂബക്ർ (റ) പ്രസ്താവിച്ചു; ഇത്ര കുറഞ്ഞ പണം കൊണ്ട് ദിവസച്ചെലവ് നടക്കുമെന്ന് ഇപ്പോൾ മനസ്സിലായി. ആകയാൽ ഖജനാവിൽ നിന്നും ആ തുക കഴിച്ചുള്ള ശമ്പളം മാത്രം ഇനി വാങ്ങിയാൽ മതി. തുടർന്ന്, സ്വരൂപിച്ച പണവും ഖജനാവിൽ തിരികെ ഏൽപ്പിച്ചു.

മദീന മുതൽ സിറിയ വരെ, അതായത് ഇന്ത്യയെക്കാളും വലിയ പ്രദേശം ഭരിച്ച ഒരു വ്യക്തിയുടെ സംഭവമാണിത്. പടച്ചവനെ ഭയമുള്ള ആളുകളിൽ ഇത്തരം സംഭവങ്ങൾ കാണാൻ കഴിയും.

ഇന്നത്തെ ലോകം ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും കുതിച്ചുപായുകയാണ്. നമ്മുടെ രാജ്യവും സ്വയംപര്യാപ്തമായിക്കൊണ്ടിരിക്കുന്നു. പക്ഷെ, പടച്ചവനോടുള്ള ഭയവും പടപ്പുകളോടുള്ള സ്നേഹവും അതിനായുള്ള പ്രവർത്തന പ്രബോധനങ്ങളും കുറഞ്ഞുകൊണ്ടിരിക്കുന്നു. തത്ഫലമായി മരുന്നുകളിലും ആഹാരങ്ങളിലും മായം വർദ്ധിക്കുകയാണ്.

എന്റെ സംസാരത്തിൽ നിന്നും ഞാൻ വിദ്യാഭ്യാസത്തെ എതിർക്കുന്നു എന്ന് ആരും ആശയം കണ്ടെത്തരുത്. ഓരോ പാഠശാലകളും വർദ്ധിക്കുന്നത് നമുക്ക് അഭിമാനമാണ്. മാധ്യമങ്ങൾ ഒന്നും കുറയ്ക്കേണ്ടതില്ല. മാധ്യമങ്ങളിലൂടെ ദൈവഭയവും മനുഷ്യസ്നേഹവും പ്രചരിപ്പിക്കൂ എന്നുമാത്രമാണ് എനിക്ക് കൂട്ടിച്ചേർക്കാനുള്ളത്. നാം ആകാശത്ത് പറന്നാലും, ജലത്തിൽ നീന്തിയാലും മനുഷ്യനായി ജീവിക്കാൻ പഠിച്ചില്ലെങ്കിൽ ഈ രാജ്യം തകരും; പടച്ചവൻ കാക്കട്ടെ!

മാനവികത ഒരു മഹത്തായ കലയാണ്. നൂറ്റാണ്ടുകളിലെ മൂല

ധനവും സംസ്കാരങ്ങളും സാഹിത്യങ്ങളും വിജ്ഞാനശകലങ്ങളും എല്ലാം ഇതിലുണ്ട്. എന്നാൽ, ഇത് മുങ്ങിയാൽ എല്ലാം മുങ്ങി നശിക്കും. വിമാനം പൊട്ടിത്തകർന്നാൽ അതിലുള്ള വിദ്യാസമ്പന്നരും മരിച്ചുപോകുമല്ലോ? ഇപ്രകാരം മാനവികതയുടെ കപ്പൽ മുങ്ങിയാൽ, കപ്പലിലുള്ള എല്ലാവരും മുങ്ങിനശിക്കും.

ഞങ്ങൾ നിങ്ങളുടെ അരികിലെത്തി. സ്നേഹസന്ദേശത്തിന്റെ ശബ്ദമുയർത്തി. നിങ്ങൾ ഞങ്ങളോടൊപ്പം കൂടിയാൽ ഇതൊരു സംഘമായി മാറും. ഈ രാജ്യത്ത് ഇത്തരമൊരു പ്രവർത്തനം നന്നായി നടക്കുമെന്ന് എനിക്ക് പൂർണ്ണ പ്രതീക്ഷയുണ്ട്. സ്നേഹത്തിന്റെ സന്ദേശം പലപ്പോഴും ഉയർത്തിയ ഈ രാജ്യത്ത് നിന്ന് വീണ്ടും അത് ഉയരണമെന്നും അത് രാജ്യത്തേയും ലോകത്തേയും നാശത്തിൽ നിന്നും രക്ഷിക്കണമെന്നും പ്രാർത്ഥിച്ചുകൊണ്ട് വിനീതൻ ഉപസംഹരിക്കുന്നു.

# സ്നേഹമാണ് സന്ദേശം

ഇൻഡ്യയിൽ ഇന്ന് വളരെ ആവശ്യമായ പയാമെ–ഇൻസാനിയത്തിന്റെ പ്രവർത്തനം തുടങ്ങുകയും ത്യാഗത്തോടെ ആ വഴിയിൽ പരിശ്രമിക്കുകയും ചെയ്ത മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി യാത്രയായി. എങ്കിലും പടച്ചവന്റെ കൃപയാൽ ഈ പ്രവർത്തനം ഇന്നും നടക്കുന്നു. മൗലാനായുടെ പിൻഗാമിയും വളർത്തുമകനമായ മൗലാനാ സയ്യിദ് അബ്ദുല്ലാഹിൽ ഹസനിയാണ് ഇപ്പോൾ ഇതിന് നേതൃത്വം നൽകുന്നത്. 2009 ആഗസ്റ്റ് 2 ലക്നൗവിൽ ഒരു മഹാസമ്മേളനം സംഘടിപ്പിക്കപ്പെട്ടു. ഇസ്‌ലാമിലെ ജിഹാദിനെ വിമർശിച്ച് ആദ്യം പുസ്തകം എഴുതുകയും ശേഷം “ഇസ്‌ലാം തീവ്രവാദമല്ല, ആദർശമാണ്” എന്ന രചന രചിക്കുകയും ചെയ്ത സ്വാമി ലക്ഷ്മി ശങ്കരാചാര്യ ഇതിൽ പങ്കെടുത്ത് വികാരോജ്വലമായി സംസാരിച്ചു. ഇതിൽ, മൗലാനാ അബ്ദുല്ലാഹിൽ ഹസനി നടത്തിയ മുഖ്യപ്രഭാഷണം.

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി, മാനവികതയുടെ സന്ദേശം എന്ന വേദിക്ക് തുടക്കം കുറിച്ച ഈ പട്ടണ

ത്തിലേക്ക് ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുകയാണ്. ഈ പട്ടണം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ഉറവിടമാണ്. സംസ്കാരത്തിന്റേയും നാഗരികതയുടേയും കേന്ദ്രമാണ്. ഇവിടെനിന്ന് രാഷ്ട്രത്തിന്റെയും സമൂഹത്തിന്റേയും സുരക്ഷിതത്വത്തിനും പുരോഗതിക്കും കെട്ടുറപ്പിനുംവേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ ആഗമനം അനുഗ്രഹീതമാണ്. നിങ്ങളെ ഞങ്ങൾ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതോടൊപ്പം ഹൃദയംഗമായ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യന് മനുഷ്യത്വത്തിന്റെ സന്ദേശം നൽകുക എന്നത് ഒര പൂർവ്വ സംഭവമാണ്. നമ്മുടെ ബലഹീനതയുടെ വലിയ തെളിവാണ്. എന്നാൽ ഇത് ജീവിതത്തിന്റെ ഒരടയാളം കൂടിയാണ്. രോഗിക്ക് രോഗത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചും ചിന്തയുണ്ടെങ്കിൽ രോഗിയിൽ പ്രതീക്ഷ അർപ്പിക്കാം. എന്നാൽ രോഗി രോഗത്തെക്കുറിച്ചും ചികിൽസയെക്കുറിച്ചും അശ്രദ്ധനാണെങ്കിൽ അവന്റെ കാര്യം തീർത്തും കഷ്ടം തന്നെ. അവൻ താമസംവിനാ അന്ത്യശ്വാസം വലിക്കുന്നതും ജീവിച്ചിരിക്കുന്നവരുടെ പട്ടികയിൽ നിന്നും മരിച്ചവരുടെ പട്ടികയിൽ ചെന്ന് ചേരുന്നതുമാണ്.

നാം ഈ സന്ദർഭത്തിൽ നമ്മുടെ ഇടയിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിനും സുരക്ഷിതത്വത്തെക്കുറിച്ച് ചിന്തിക്കുന്നതിനും ഉണർത്തുന്നതിനും വേണ്ടി ഒരുമിച്ച് കൂടിയതാണ്. കാരണം, ഇപ്പോൾ നമ്മുടെ സമൂഹവും പരിസരാന്തരീക്ഷവും – നമ്മുടെ രാജ്യത്ത് മുമ്പ് ജീവിച്ചിരുന്നവർപോലും ചെയ്യാതിരുന്ന – പല അപകടകരമായ പ്രവണതകളെയും സ്വീകരിച്ചിരിക്കുകയാണ്. അത് നമ്മുടെ രാജ്യത്തിന് ഒന്നടങ്കം അപകടത്തിന്റെ മണിമുഴക്കമാണ് മുഴക്കുന്നത്. അതിന് നിയമം അനുവദിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കൊണ്ടുപിടിച്ച് നടന്നുകൊണ്ടിരിക്കുകയാണ്.

മാനവികതയുടെ വേദന അറിയുകയും രാജ്യത്തിന്റെ ഗുണകാംക്ഷിയുമായിരുന്ന മൗലാനാ അബുൽ ഹസൻ അലി നദ്‌വി എഴുതുന്നു.

യഥാർത്ഥത്തിൽ സംസ്കാരവും ചിട്ടയുമുള്ള സമൂഹം ഉറച്ച

സമ്പത്താണ്. അടിസ്ഥാന സ്വഭാവങ്ങളുടെ ഉറവിടമാണ്. നിർബന്ധബാധ്യതകളെക്കുറിച്ചുള്ള ബോധം അർപ്പണമനോഭാവത്തിന്റെ ആവേശമാണ്. സമ്പൽസമൃദ്ധിയും സ്വാതന്ത്ര്യവും പുരോഗതിയും അഭിവൃദ്ധിയും അതിൽനിന്നാണ് ഉത്ഭവിക്കുന്നതും രാഷ്ട്രത്തെ മുഴുവനും ഹരിതപൂർണ്ണമാക്കുന്നതും.

എന്നാൽ ഇന്നത്തെ ചിത്രം നേരെമറിച്ചാണ്. ഇവിടെ ഒന്നിനും ഉറപ്പില്ല. സ്വഭാവം എന്ന പേരിൽ ഒരു വസ്തുവും ഇവിടെ ഇല്ല. ധാർമ്മിക ബോധമില്ല. നിയമപാലനമില്ല. ഉത്തരവാദിത്വബോധമില്ല. ആത്മാർത്ഥതയോ അർപ്പണമനോഭാവമോ ഇല്ല. സ്വാർത്ഥതയും തന്നിഷ്ടങ്ങളും അഹങ്കാരവും വളഞ്ഞ വഴിയിലൂടെ പ്രശസ്തി തേടലും സുഖാഡംബരത്തോടുള്ള അമിതമായ താൽപര്യവും മനുഷ്യസമൂഹത്തെ ഒന്നടങ്കം പിടികൂടിയിരിക്കുകയാണ്. എല്ലാവരും ഈ അതിപ്രസരത്തിൽ ലയിച്ചിരിക്കുകയാണ്. എന്ന് മാത്രമല്ല പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്ന് നമ്മുടെ സമൂഹത്തിലേക്ക് നോക്കിയാൽ നമുക്ക് ലഭിക്കുന്ന ചിത്രം ഇതാണ്; □ഒരുകപ്പൽ! മനുഷ്യസമൂഹത്തിലെ എല്ലാ കുടുംബവും പ്രസ്തുത കപ്പലിൽ യാത്രചെയ്യുന്നു. പക്ഷേ, അതിന് ഒരു കപ്പിത്താൻ ഇല്ലാത്ത കാരണത്താൽ എല്ലാവരും അതിനെ അവരവരുടെ ഭാഗങ്ങളിലേക്ക് നയിച്ച് കൊണ്ടുപോകാൻ ശ്രമിക്കുന്നു എന്നാൽ ആരുംതന്നെ ആ കപ്പലിനെ ലക്ഷ്യസ്ഥാനമായ കരയിലേക്ക് അടുപ്പിക്കുവാൻ ശ്രദ്ധിക്കുന്നില്ല.

നമ്മുടെ രാഷ്ട്രീയ നേതാക്കളും ചിന്തകൻമാരും ഇതിനെക്കുറിച്ച് ചിന്തിക്കാതിരുന്നില്ല. എന്നല്ല, അവർ ചിന്തിച്ചു. നിയമങ്ങൾ നിർമ്മിച്ചു, കമ്മിറ്റികൾ രൂപീകരിച്ച് ആലോചനകൾ നടത്തി. എന്നാൽ ഈ പ്രവർത്തനം നിയമങ്ങൾകൊണ്ടോ പോലീസുകൊണ്ടോ കോടതികൾകൊണ്ടോ മാറിമാറി വരുന്ന കമ്മിറ്റികൾ കൊണ്ടോ നടക്കുന്നതല്ല. അമേരിക്കയും യൂറോപ്പുമെല്ലാം ഇത് പരീക്ഷിച്ചറിഞ്ഞതാണ്. ഈ വിഷയത്തിൽ വലിയ കോലാഹലം തന്നെ സൃഷ്ടിച്ചു. പക്ഷേ ഫലം വട്ടപ്പൂജ്യമായിരുന്നു എന്ന് കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിലൂടെ വ്യക്തമാകും: National Crime Bureau Ministry of Home Affairs ന്റെ 2007 റിപ്പോർട്ട് പ്രകാരം അമേരിക്കയിൽ ഈ വർഷം മുപ്പത് കോടി പതിനാറുലക്ഷത്തി ഇരുപത്തൊ

ന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിഏഴ് കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ട്.

നമ്മുടെ രാജ്യവും ഈ പരീക്ഷണത്തിൽ ഏർപ്പെട്ടു. വ്യഭിചാരം, ബലാൽസംഗം, മദ്യപാനം, ബലഹീനരെ ചൂഷണം ചെയ്യുക, സ്ത്രീകളോട് മോശമായി പെരുമാറുക എന്നീ കാര്യങ്ങളെ തടയുവാൻ നിയമങ്ങൾ നിർമ്മിച്ചു. പ്രവർത്തനം ശക്തമാക്കി. എന്നാൽ ഫലമോ ? മരുന്നുകൊടുക്കുംതോറും രോഗം മൂർച്ഛിക്കുന്നു എന്നതുമാത്രം!

പ്രശ്നപരിഹാരത്തിന് നാം പല യോഗങ്ങൾ കൂടി ഫോർമുലകൾ തയ്യാറാക്കി. രോഗങ്ങളെ അനാലിസ് ചെയ്തു. പല മരുന്നുകളും ഉൽപാദിപ്പിച്ചു. ഫോർമുലകളുടെ പരീക്ഷണം തകൃതിയായി നടക്കുന്നതിനിടയിലും മരുന്ന് വിപണനം പൊടിപാറുന്നതിനിടയിലും പ്രശ്നങ്ങളും രോഗങ്ങളും കൂടുതൽ സങ്കീർണ്ണമാകുകയാണിവിടെ ഉണ്ടായത്. താഴെ കൊടുക്കുന്ന കണക്കുകളിലൂടെ ഇക്കാര്യം അനുമാനിക്കാം.

2007ൽ സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ കൊലചെയ്യപ്പെട്ട 8093 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്യപ്പെടാത്ത സംഭവങ്ങളുടെ എണ്ണം എത്ര കാണുമെന്ന് നാം ജീവിക്കുന്ന സമൂഹത്തിലേക്ക് നോക്കി മനസ്സിലാക്കുക. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീ എങ്ങും അശുഭമായി വീക്ഷിക്കപ്പെടുന്നു. മോശമായി ചിത്രീകരിക്കുകയും ഒരു ഭാരമായി കാണുകയും ചെയ്യുന്നു. പെൺകുട്ടികളെ നശിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ വന്നെത്തുകയും ചെയ്തു. Unicefന്റെ പുതിയ റിപ്പോർട്ട് പറയുന്നു. “നവീന ഉപകരണങ്ങൾ പെൺകുട്ടികളുടെ ജനനത്തെ വളരെ കൂടുതലായി കുറയ്ക്കുന്നു. ഇക്കാരണത്താൽ പെൺകുട്ടി ജനിക്കുന്നതിനെ വെറുക്കുന്ന ചിന്താഗതി ജനങ്ങളിൽ വർദ്ധിക്കുകയും ചെയ്തിരുക്കുന്നു.” ഈ റിപ്പോർട്ടനുസരിച്ച് ജനനത്തിന് മുമ്പോ ജനന ശേഷമോ ആയി മുൻവർഷങ്ങളെ അപേക്ഷിച്ച് ഏകദേശം അഞ്ച് കോടി പെൺകുട്ടികൾ കുറഞ്ഞിട്ടുണ്ട്. വിശദമായ റിപ്പോർട്ട് വേദനിപ്പിക്കുന്നതാണ്. അതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. മനസ്സിലാക്കുന്നവർക്ക് സൂചന തന്നെ മതിയല്ലോ?

ചുരുക്കത്തിൽ പ്രശ്ന പരിഹാരത്തിന് പാശ്ചാത്യരെ പിൻപ

റ്റൽ പരിഹാരമല്ല. നമ്മുടെ ഭരണകൂടം ഇക്കാര്യത്തിൽ പാശ്ചാത്യരെ അനുകരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പാശ്ചാത്യരുടെ തലച്ചോറ് മെഷീനും ഹൃദയം പാറക്കല്ലുമാണ്. അവയ്ക്ക് നല്ലരീതിയിൽ പ്രൊഡക്ഷൻ (ഉൽപാദനം) ചെയ്യൽ സാധ്യമാണ്. പക്ഷേ മനുഷ്യന്റെ വേദനയുമായോ ദുഃഖവുമായോ യാതൊരു ബന്ധവും കാണുകയില്ല. നമ്മുടെ രാജ്യത്തെ വലിയ ചിന്തകനായ ഡോ. രാജേന്ദ്രപ്രസാദ് ഒരു പ്രാവശ്യം ഒരു യൂറോപ്യനോട് ഇങ്ങനെ പറഞ്ഞു:

"നിങ്ങൾക്ക് പക്ഷികളെപ്പോലെ പറക്കാൻ അറിയാം. മത്സ്യങ്ങളെപ്പോലെ നീന്താനറിയാം. പക്ഷേ മനുഷ്യരെപ്പോലെ നടക്കാനറിയില്ല."

പാശ്ചാത്യരുടെ സ്വഭാവ നിലവാരം ഭൗതികതയുടെ അടിസ്ഥാനത്തിൽ നിലകൊള്ളുന്നതാണ്. സുഖാസ്വാദനവും പ്രയോജന ലാക്കും അതിന്റെ ഇരുചക്രങ്ങളാണ്. അതിലാണ് അവരുടെ ജീവിതമാകുന്ന വാഹനം സഞ്ചരിക്കുന്നത്. അവിടെ കുടുംബബന്ധങ്ങൾക്ക് സ്ഥാനമില്ല. അയൽക്കാരന്റെ ദു:ഖത്തെപ്പറ്റി ചിന്തയില്ല. രോഗിയോടോ പാവപ്പെട്ടവനോടോ കരുണയുടെ നോട്ടമില്ല. ആവശ്യക്കാരനോ അനാഥയ്ക്കോ സഹായമില്ല. സുഖാഢംബരങ്ങൾ എല്ലാം ഉണ്ടായിട്ടും യഥാർത്ഥ സുഖത്തിൽ നിന്നും തടയപ്പെട്ട് കഴിയുന്നു. അതിന്റെ ഫലമെന്നോണം ആത്മഹത്യ, നിരാശ, ഡിപ്രഷൻ, ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗം, കൊള്ള, കൊല, ബലാൽസംഗം ഇതെല്ലാം അവരുടെ പതിവായി മാറിയിരിക്കുകയാണ്. അമേരിക്കയുടേയും യൂറോപ്പിന്റേയും അവസ്ഥ അങ്ങേയറ്റം പരിതാപകരമാണ്. അതുകൊണ്ട് അവരെ പിൻപറ്റുന്നത് ബുദ്ധിയല്ല.

പ്രശ്നത്തിന്റെ ശരിയായ പരിഹാരം, പ്രശ്നപരിഹാരത്തിന് പ്രവാചകൻമാർ കൊണ്ടുവന്ന അടിസ്ഥാന മൂല്യങ്ങൾ പാലിക്കലാണ്. അവ ഹൃദയത്തോട് സംസാരിക്കുന്നതും മനസ്സിനെ മാറ്റുന്നതും ചിന്തയെ ചൊവ്വാക്കുന്നതുമാണ്. മനസ്സിൽ എന്തെങ്കിലും മോശത്തരം ഉണ്ടെങ്കിൽ അതിനെ നിയമം നിർമ്മാർജ്ജനം ചെയ്യുകയില്ല. അതിന് ആന്തരികമായ മാറ്റം അനിവാര്യമാണ്. മൗലാനാ നദ്‌വി എഴുതുന്നു: സ്വഭാവ ബലഹീനതകളും സാമൂഹിക തിന്മകളും ആന്തരികമാറ്റം കൊണ്ടുമാത്രമേ നിർമ്മാർജ്ജനം ചെയ്യാൻ

പറ്റൂ. ആന്തരിക മാറ്റത്തിന് ലോക ചരിത്രത്തിൽ വിശ്വസത്തേക്കാൾ വലിയ ഒരു ശക്തിയും വിദ്യയും പരീക്ഷിക്കപ്പെട്ടിട്ടില്ല. ജനങ്ങളിൽ പടച്ചവനെപ്പറ്റിയുള്ള വിശ്വാസവും അവനോടുള്ള ഭക്തിയും രക്ഷിതാവിന്റെ മുന്നിൽ വിചാരണ ചെയ്യപ്പെടുമെന്ന ചിന്തയും കൂട്ടത്തിൽ മാനവസ്നേഹവും ഉണ്ടാകാത്ത കാലത്തോളം ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതല്ല. ആകയാൽ ആദ്യമായി നാം പരസ്പരം ഒരുമയോടെ കഴിയാൻ പഠിക്കണം. ഒരാൾ മറ്റൊരാളുടെ ദുഃഖത്തിൽ പങ്കുചേരണം. എല്ലാവരേയും തന്റെ സഹോദരനായി കാണുകയും അവനെ സഹായിക്കൽ നിർബന്ധമായ കാര്യമായി കാണുകയും വേണം. മുഹമ്മദ് നബി (സ) അരുളി: "എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. ആ കുടുംബത്തോട് നല്ല രീതിയിൽ പെരുമാറുന്നവരെ അല്ലാഹുവിന് ഇഷ്ടമാണ്." വാർത്താമാധ്യമങ്ങളിലൂടെ കുപ്രചരണങ്ങൾ നടത്തുന്നവരിൽ നിന്നും , പരസ്പരം കലഹമുണ്ടാക്കാൻ ശ്രമിക്കുന്നവരിൽ നിന്നും നാം ജാഗരൂകരായി കഴിയണം. അന്വേഷണം പൂർണ്ണമാകാതെ അഭിപ്രായം പ്രകടിപ്പിക്കരുത്.

അക്ബർ ഇലാഹാബാദി പറഞ്ഞു "അടയാളങ്ങളെ അന്വേഷിക്കാതെ നിങ്ങൾ ജനങ്ങളുമായി സഹകരിച്ച് നോക്കൂ." ഇതിൽ ചെറിയ മാറ്റത്തോടെ ഇങ്ങനെ പറയാം. ടി.വി., പത്രങ്ങളിലൂടെയിലൂടെ ജനങ്ങളെ കാണാതെ ജനങ്ങളുമായി സഹവസിച്ചുനോക്കൂ. എന്താണ് ഇവിടെ ജീവിക്കുന്നത് ? എന്താണ് ഇവിടെ മരിച്ചുകിടക്കുന്നത് ? എന്ന് മനസ്സിലാക്കാൻ കഴിയും. നാം ഒരുമിച്ചിരുന്ന് ചിന്തിച്ച് നമ്മുടെ രാഷ്ട്രത്തെ സേവിച്ചാൽ ഇവിടിരുന്നുകൊണ്ടു തന്നെ നമുക്ക് സ്വർഗ്ഗത്തിന്റെ രസം അനുഭവിക്കാം. ഇന്ന് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വിശദീകരിക്കുകയാണെങ്കിൽ ലജ്ജ കൊണ്ട് തല കുനിച്ചുപോകും. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ ! സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരിൽ നടക്കുന്ന കാര്യങ്ങളിലേക്ക് നോക്കിയാൽ ഉറക്കം നഷ്ടപ്പെടുത്തുന്ന ദുരവസ്ഥയാണ് സ്നേഹവും സഹാനുഭൂതിയും സ്വാന്തനവും നിലനിന്നിരുന്ന നമ്മുടെ രാജ്യത്ത് ഇപ്പോൾ നടക്കുന്നത്.

പ്രവാചകന്മാരുടെ പാതയിൽ സഞ്ചരിച്ച നമ്മുടെ രാജ്യത്തെ

സൂഫികൾ, സമൂഹത്തെ നന്നാക്കിയത് മനസ്സിലും മസ്തിഷ്ക ത്തിലും മാറ്റം വരുത്തിക്കൊണ്ടാണ്. ഒരു പ്രാവശ്യം മഹാനായ നിസാമുദ്ദീൻ ഔലിയായ്ക്ക് ഒരു മനുഷ്യൻ കത്രിക സംഭാവന നൽകി. സംഭാവന സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഒരു സൂചികൊണ്ടുതന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഇന്ന് മുറിക്കുന്നവർ ധാരാളമുണ്ട്. തുന്നിച്ചേർക്കുന്നവർ തീരെയില്ല. ഇപ്പോൾ ചേർക്കലാണ് ആവശ്യം. വിച്ഛേദിക്കലല്ല."

വലിയ വലിയ ഭരണകൂടങ്ങൾ വന്നുപോയി. അവരെ പിടി കൂടിയിരുന്ന മോശത്തരങ്ങളും ദുഃസ്വഭാവങ്ങളും സാമൂഹിക തിന്മ കളുമായി അവർ നശിച്ചുപോയി. അവരുടെ ഭരണഘടനക്കോ ഭര ണസംവിധാനത്തിനോ അവരെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. ഇന്നും ഒരു സംവിധാനത്തിനും അത് സാധ്യമല്ല. ആയതിനാൽ ആ മഹാ ത്മാക്കളുടെ അധ്യാപനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുക. ആ മഹാത്മാക്കൾ സദാ സ്നേഹത്തിന്റേയും സഹിഷ്ണുതയുടേയും ശാന്തിയുടേയും സമാധാനത്തിന്റേയും സൽസ്വഭാവത്തിന്റേയും ഭാഷയാണ് സംസാരിച്ചിട്ടുള്ളത്. ഇന്ന് ലോകം അതിൽ നിന്നെല്ലാം വിദൂരമായി പോകുകയാണ്. അവരുടെ പ്രധാന അദ്ധ്യാപനങ്ങൾ ഇതാണ്.

സ്ത്രീകളോടും, വൃദ്ധരോടും, അനാഥകളോടും, അശരണ രോടും, രോഗികളോടും, പ്രയാസം അനുഭവിക്കുന്നവരോടും നല്ല നിലയിൽ വർത്തിക്കുക . സ്വർഗ്ഗം മാതാവിന്റെ കാൽപ്പാദത്തിന് കീഴിലാണെന്നാണ് പ്രവാചക അദ്ധ്യാപനം. ആര് വിധവകളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചിലവഴിക്കുകയും ചെയ്യുന്നുവോ അവൻ അല്ലാഹുവിന്റെ ഇബാദ ത്തിൽ മുഴുകിയവനെപ്പോലെയാണ് എന്ന് മറ്റൊരിക്കൽ അരുളി.

എല്ലാ തിന്മകളുടേയും വേര് പണത്തിനോടും ഭൗതികത യോടുമുള്ള അമിത സ്നേഹമാണ്. മനുഷ്യൻ അതിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറാണ്. ഏറ്റവും പ്രചാരമായ മുദ്രാവാക്യവും പണം, പണം എന്നതാണ്. ഖുർആൻ പറയുന്നു: " ഭൂമിയിൽ ജീവ നുള്ള എല്ലാത്തിന്റേയും ആഹാരത്തിന്റെ ഉത്തരവാദിത്തം അല്ലാ ഹുവിനുള്ളതാകുന്നു." ഇന്ത്യൻ മഹാസമുദ്രത്തിൽ കോടികൾ വില മതിക്കുന്ന മത്സ്യങ്ങളുണ്ട്. നൂറും നൂറ്റമ്പതും ടണ്ണാണ് അവയുടെ

ഒരു നേരത്തെ ഭക്ഷണം. ഒരെണ്ണം പോലും വിശപ്പുകൊണ്ട് മരിക്കുന്നില്ല.പടച്ചവൻ ഉറുമ്പിനേയും ആഹരിപ്പിക്കുന്നു. മത്സ്യത്തെയും ആഹരിപ്പിക്കുന്നു.

എണ്ണമറ്റ കുറ്റകൃത്യങ്ങളും, കൊള്ളയും, കൊലയും, തട്ടിക്കൊണ്ട് പോകലും, വ്യഭിചാരവും, ബലഹീനരെ ചൂഷണം ചെയ്യലും എല്ലാം നിലനിൽക്കുന്നതോടുകൂടി നാം നിരാശപ്പെടേണ്ടകാര്യമില്ല. നാം ഇവിടെ വന്നതുതന്നെ മനുഷ്യത്വം ജീവിക്കുന്നതിന്റെ വലിയ തെളിവാണ്. ഇനി നമുക്ക് നമ്മുടെ സമൂഹത്തെ നന്നാക്കാൻ സാധിക്കും. എന്നാൽ അതിനായി മസ്തിഷ്കത്തെ ശുദ്ധമാക്കുകയും മനസ്സിനെ വൃത്തിയാക്കുകയും വേണം. ആരെങ്കിലും പറയുന്നതുകേട്ട് വരാതെ നിങ്ങൾ സ്വയം അടുത്തുവരണം. നമ്മളെല്ലാവരും ഒത്തുചേർന്ന് ഈ യാത്രാസംഘത്തെ മുന്നോട്ട് നയിക്കാം. നീർചുഴിയുടെ പിടിയിൽ കുടുങ്ങിയ മാനവികതയുടെ കപ്പലിനെ കരയ്ക്കടുപ്പിക്കാം.

പടച്ചവൻ നമ്മെ സഹായിക്കും. നമുക്ക് അവന്റെ ആശ്രയത്തിൽ മുന്നോട്ട് നീങ്ങാം. നമ്മുടെ സന്ദേശം എല്ലാവരും മനസ്സിലാക്കട്ടെ.

“എന്റെ സന്ദേശം സ്നേഹമാണ്. അത് ചെന്നെത്തുന്നിടത്തെല്ലാം.”